# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വിളവൂർക്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**തിരുവനന്തപുരം.-695001**

**ഇ-മെയിൽ:** lfadtvm@yahoo.in

**ഫോൺ :** 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി.5/1847/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 23/12/2024
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വിളവൂർക്കൽ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി.5/1847/2024 തീയ്യതി: 23/12/2024

## തിരുവനന്തപുരം ജില്ലയിലെ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പ്രതാപ്കുമാർ ആർ | ഡെപ്യൂട്ടി ഡയറക്ടർ | 11-11-2024 | 19-11-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-11-2024 | 19-11-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി സെലിൻ ആർ., ഓഡിറ്റ് ഓഫീസർ

ശ്രീ. അഭിജിത് ആർ. അസി. ഓഡിറ്റ് ഓഫീസർ

ശ്രീമതി അനിഷ എസ്.ബി. അസി. ഓഡിറ്റ് ഓഫീസർ

ശ്രീ. മഹേഷ് കെ.ബി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി റ്റി. ലാലി മുരളി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീ. ആനന്ദ് എം. | സെക്രട്ടറി | 01-04-2023 | 31-05-2023 |
| ശ്രീ.ആർ.ഗണേഷ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2023 | 12-07-2023 |
| ശ്രീ.ധനേഷ്.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-07-2023 | 18-07-2023 |
| ശ്രീ.പി.കെ.മുഹമ്മദ് ഷാഫി | സെക്രട്ടറി | 19-07-2023 | 26-08-2023 |
| ശ്രീ.ബിജുകുമാർ.എം. | സെക്രട്ടറി | 11-09-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ആർ. ഗണേഷ് | അസി. സെക്രട്ടറി | 01-04-2023 | 12-07-2023 |
| ശ്രീ. ധനേഷ് എം. | അസി. സെക്രട്ടറി | 12-07-2023 | 31-03-2024 |
| ശ്രീമതി ഗായത്രി വി.എസ്. | അസി. എഞ്ചിനീയർ (LSGD) | 01-04-2023 | 31-03-2024 |
| ശ്രീമതി ലക്ഷ്മി മുരുകൻ | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ. പ്രേംസുലജലത | മെഡിക്കൽ ഓഫീസർ, അലോപ്പതി | 01-04-2023 | 31-03-2024 |
| ശ്രീമതി സബിത | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീ. ഷിബു റ്റി.എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീ. അഭിലാഷ് എം.എ. | വി.ഇ.ഒ. (സർക്കിൾ 2) | 01-04-2023 | 31-03-2024 |
| ശ്രീമതി സരിത ചന്ദ്രൻ | വി.ഇ.ഒ. (സർക്കിൾ 1) | 01-04-2023 | 06-07-2023 |
| ശ്രീമതി രാജലക്ഷ്മി ബി. | വി.ഇ.ഒ. (സർക്കിൾ 1) | 07-07-2023 | 31-03-2024 |
| ഡോ. ബിന്ദു. കെ.ആർ. | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2023 | 31-03-2024 |
| ഡോ. അശ്വതി ആർ. എസ്. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2023 | 31-03-2024 |
| ഡോ.മുതാംസ് ബീഗം | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി മിനി.കെ.നായർ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | സമയബന്ധിതമായി ഡിമാന്റ് എൻടി രേഖപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല. | 1-1-3 |
| 5 | കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ഹെഡിൽ തുക ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | വാർഷിക ധനകാര്യപത്രികയിൽ ബാങ്ക് അക്കൗണ്ട് ഉൾപ്പെടുത്തിയില്ല | 1-1-5 |
| 7 | ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല | 1-1-6 |
| 8 | MGNREGS-വാർഷിക കണക്കുകളിലെ അപാകതകൾ | 1-1-7 |
| 9 | സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-8 |
| 10 | വിവിധ ആസ്തികൾ വാങ്ങിയ ചെലവ് ആസ്തി ഹെഡിൽ രേഖപ്പെടുത്തിയില്ല. | 1-1-9 |
| 11 | സ്വച്ഛ് ഭാരത് അഭിയാൻ -വരവ് ചെലവ് വിവരം ലഭ്യമാക്കിയിട്ടില്ല | 1-1-10 |
| 12 | തനതു വരവുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുകളുമായി പൊരുത്തപ്പെടുത്തുന്നില്ല | 1-1-11 |
| 13 | Secured Loans - Loan From KUDRFC വാർഷിക കണക്കുകളിലെ അപാകത | 1-1-12 |
| 14 | പദ്ധതിക്കായി ചെലവ് ചെയ്ത തുക വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയില്ല | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഗ്രാന്റ് വിനിയോഗം | 1-4 |
| 18 | ഗ്രാന്റ് വിനിയോഗം-അപാകങ്ങൾ | 1-4-1 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | ക്ഷേമപദ്ധതികൾ | 1-6 |
| 21 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 23 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 24 | മറ്റ് ഓഡിറ്റുകളുടെ വിവരം | 1-10 |
| 25 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ സ്വകാര്യ ആശുപത്രി- രജിസ്ട്രേഷൻ എടുത്തില്ല | 1-11 |
| 26 | വളർത്തു നായകൾക്ക് ലൈസൻസ് - തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ് | 1-12 |
| 27 | FTE & OS ലൈസൻസ് | 1-13 |
| 28 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-13-1 |
| 29 | യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിലുള്ള മോട്ടോർഫീസ് ലൈസൻസ് ഫീസിനൊപ്പം ഈടാക്കിയിട്ടില്ല | 1-13-2 |
| 30 | ട്രേഡേഴ്സ് ലിസ്റ്റ് പൂർണമല്ല | 1-13-3 |
| 31 | തൊഴിൽ നികുതി -വിവിധ അപാകങ്ങൾ | 1-14 |
| 32 | ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും അടവാക്കിയില്ല | 1-14-1 |
| 33 | റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-14-2 |
| 34 | വിനോദനികുതി അടവാക്കാതെ സിനിമാ തീയേറ്റർ പ്രവർത്തിക്കുന്നു. | 1-15 |
| 35 | വസ്തു നികുതി - അപാകങ്ങൾ | 1-16 |
| 36 | ടെലഫോൺ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-16-1 |
| 37 | വസ്തുനികുതി പരിഷ്കരണം - നടപടിക്രമങ്ങൾ പൂർത്തിയായില്ല | 1-16-2 |
| 38 | അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതിയിൽ കുടിശ്ശിക | 1-16-3 |

| | | |
|---|---|---|
| 39 | പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുന്നില്ല | 1-16-4 |
| 40 | തനത് വരുമാന വർദ്ധനവ് - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. | 1-17 |
| 41 | പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ വാട്ടർ എ.ടി.എം സ്ഥാപിക്കൽ - പദ്ധതി പ്രവർത്തനക്ഷമമായിട്ടില്ല-ചെലവ് തടസ്സപ്പെടുത്തുന്നു- രൂപ 3,60,407/- | 1-18 |
| 42 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ (സർക്കിൾ I) സ്റ്റോക്ക് രജിസ്റ്റർ പരിപാലനം തൃപ്തികരമല്ല. | 1-19 |
| 43 | വി.ഇ.ഒ (സർക്കിൾ 2)കൈപ്പറ്റിയ രസീത് ബുക്ക് പ്രകാരമുള്ള പണം പിരിക്കൽ– അപാകതകൾ | 1-20 |
| 44 | ലൈഫ് ഭവന പദ്ധതി ഒന്നാം ഗഡു കൈപറ്റിയിട്ടും വീട്ടു പണി നാളിതുവരെ ആരംഭിച്ചിട്ടില്ല. | 1-21 |
| 45 | വി. ഇ. ഒ സർക്കിൾ 2 നിർവ്വഹിച്ച പദ്ധതികൾ - ആനുകൂല്യങ്ങളുടെ വിതരണ രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല- 61,40,000/-രൂപ തടസ്സപ്പെടുത്തുതന്നു. | 1-22 |
| 46 | വി.ഇ ഒ (സർക്കിൾ 2) നിർവ്വഹിച്ച പദ്ധതികൾ - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല - 12,87,474/- രൂപ തടസ്സപ്പെടുത്തുന്നു. | 1-23 |
| 47 | ഒരേ പഠിതാവ് തന്നെ പത്താം തരം തുല്യതയും ഹയർസെക്കന്ററി തുല്യതയും രജിസ്റ്റർ ചെയ്തിരിക്കുന്നു. | 1-24 |
| 48 | തുടർ സാക്ഷരത – പഞ്ചായത്തിന് പുറത്തുള്ള പഠിതാക്കൾക്ക് വേണ്ടി കോഴ്സ് ഫീസ് അടച്ചു | 1-25 |
| 49 | ഹരിത കർമ്മസേന മാലിന്യ സംസ്കരണം - പ്രവർത്തനാവലോകനം | 1-26 |
| 50 | സ്ത്രീ സുരക്ഷ ജ്വാല പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-27 |
| 51 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല ചെലവ് തുക 4,97,218/- രൂപ തടസ്സപ്പെടുത്തുന്നു. | 1-28 |
| 52 | Mixed Seal Surface By Mechanical Means എന്ന പ്രവൃത്തി റോഡ് നിർമ്മാണത്തിനായി ഉപയോഗപ്പെടുത്തുന്നില്ല. | 1-29 |
| 53 | ഡിഫക്ട് ലയബിലിറ്റി പീരിയഡ് - അപാകത | 1-30 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് വിവരങ്ങൾ | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങളുടെ വിവരം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി വിവരങ്ങൾ | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 11.06.24 തീയതിയിലെ 4(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 06.07.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ തുടങ്ങി അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ തൻ വർഷത്തെ ആകെ വരവുകളും ചെലവുകളും ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ B-1 ഷെഡ്യൂൾ വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല.മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം.20/14.11.2024 നുള്ള മറുപടിയിൽ ഐ.എൽ.ജി.എം.എസിൽ ഷെഡ്യൂളുകൾ ലഭ്യമല്ല എന്ന് അറിയിച്ചിട്ടുണ്ട്.

### 1-1-2 സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന

അക്രൂവൽ ഇനങ്ങളുടെ ഡിമാന്റ് എൻട്രി പ്രതിമാസം തയ്യാറാക്കിയിട്ടില്ല.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൌച്ചർ നം./തീയതി |
|---|---|---|
| 110100101 | Property Tax On Residential Buildings | 42301429/31-3-24 |
| 110100102 | Property Tax On Non Residential Buildings | 42301431/31-3-24 |

അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണം 20/14.11.24 നുള്ള മറുപടിയിൽ ILGMS ൽ പ്രതിമാസം ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്താൻ സാധിക്കുന്നില്ല എന്നാണ് മറുപടി നൽകിയിട്ടുള്ളത്.

### 1-1-3 സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. എന്നാൽ 2023-24 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂൾ Stock In Hand (Inventories) ൽ ഉൾപ്പെടുത്തിയിട്ടില്ല. മേൽപ്പറഞ്ഞ അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.20/14.11.24 നുള്ള മറുപടിയിൽ ILGMS ൽ ക്രമീകരണം ലഭ്യമല്ല എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്.

### 1-1-4 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ഹെഡിൽ തുക ഉൾപ്പെടുത്തിയിട്ടില്ല

ആസ്തി നിർമ്മാണവുമായി ബന്ധപ്പെട്ട് പാർട്ട് ബിൽ നൽകിയ പേയാട് റാക്കോണം ഇടവഴി ഇന്റർലോക്ക് (പദ്ധതി നം.289/24)എന്ന പ്രവൃത്തിക്ക് അനുവദിച്ച 1,02,295/- രൂപ (വികസന ഫണ്ട് ) ബാലൻസ് ഷീറ്റിൽ Capital Work In Progress ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം.20/14.11.2024 നുള്ള മറുപടിയിൽ വികസന ഫണ്ടിൽ നിന്നും കാപ്പിറ്റൽ കോൺട്രിബ്യൂഷന് ചെലവ് വന്നിട്ടില്ലാത്തതിനാലാണ് ബന്ധപ്പെട്ട ഹെഡിൽ തുക രേഖപ്പെടുത്താത്തത് എന്നാണ് മറുപടി നൽകിയത്. വികസന ഫണ്ടിൽ നിന്നും തുക ചെലവ് ചെയ്തിട്ടുള്ളതിനാൽ മേൽ മറുപടി പരിഗണനാർഹമല്ല. അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-1-5 വാർഷിക ധനകാര്യപത്രികയിൽ ബാങ്ക് അക്കൗണ്ട് ഉൾപ്പെടുത്തിയില്ല

Canara Bank 110056896099 അക്കൗണ്ട് ഐ.എൽ.ജി.എം.എസി ൽ റികൺസിലിയേഷൻ നടത്തിയിട്ടുണ്ട്. അക്കൗണ്ടിൽ മുന്നിരിപ്പും നീക്കിയിരിപ്പും ഇല്ല. പ്രസ്തുത അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റിൽ 2023-24 വർഷം വരവുകളോ ചെലവുകളോ നടത്തിയിട്ടില്ല. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ മേൽപ്പറഞ്ഞ ബാങ്ക് അക്കൗണ്ട് ഉൾപ്പെടുത്തിയിട്ടില്ല.ഓഡിറ്റ് അന്വേഷണം.20/14.11.2024 നുള്ള മറുപടിയിൽ ട്രാൻസാക്ഷനുകൾ ഇല്ലാത്തതിനാലാണ് വാർഷിക ധനകാര്യപത്രികയിൽ അക്കൗണ്ട് ഉൾപ്പെടുത്താത്തത് എന്ന് മറുപടി നൽകിയിട്ടുണ്ട്. ട്രാൻസാക്ഷനുകൾ ഇല്ലാത്തതിനാൽ വാർഷിക ധനകാര്യപത്രികയിൽ ബാങ്ക് അക്കൗണ്ട് ഉൾപ്പെടുത്തിയില്ല എന്ന മറുപടി അംഗീകരിക്കാൻ കഴിയില്ല. അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-1-6 ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള Nationalised Bank Account Of Own Revenue Fund (ഹെഡ് കോഡ് -450210101), Sub Treasury Malayinkil (അക്കൗണ്ട് നം.799011400004678) എന്നീ അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല. മേൽപ്പറഞ്ഞ അക്കൗണ്ടുകൾ ക്ലോസ് ചെയ്തവയാണെന്ന് ഓഡിറ്റ് അന്വേഷണം.20/14.11.2024 നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ക്ലോസ് ചെയ്ത അക്കൗണ്ടുകൾ വാർഷിക ധനകാര്യ പത്രികയിൽ നിന്നും മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-1-7 MGNREGS-വാർഷിക കണക്കുകളിലെ അപാകതകൾ

NREGS ഭരണ ചെലവുകൾ വാർഷിക ധനകാര്യ പത്രിക പ്രകാരം 17,30,490/- രൂപയാണ്(I-14(F)). എന്നാൽ MGNREGS ക്യാഷ് ബുക്ക് പ്രകാരം ആയത് 17,41,010/- രൂപയാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം.20/14.11.2024 നുള്ള മറുപടിയിൽ ഓഫീസ് സ്റ്റേഷണറി ചെലവായ 10,250/- രൂപ കാഷ് ബുക്കിൽ ഉൾപ്പെടുത്താൻ വിട്ട് പോയതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-1-8 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

2023-24 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത വിവിധ ചെലവുകൾക്ക് (ഉദാഹരണമായി ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് അന്വേഷണം.20/14.11.2024 നുള്ള മറുപടിയിൽ ജീവനക്കാരുടെ ശമ്പളത്തിന് മാത്രമാണ് ഇത്തരത്തിൽ പ്രൊവിഷൻ രേഖപ്പെടുത്തുന്നതെന്ന് അറിയിച്ചിട്ടുണ്ട്. സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത എല്ലാ ചെലവുകൾക്കും ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തി അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-1-9 വിവിധ ആസ്തികൾ വാങ്ങിയ ചെലവ് ആസ്തി ഹെഡിൽ രേഖപ്പെടുത്തിയില്ല.

വിവിധ ആസ്തികൾ വാങ്ങിയ ചെലവ് തുകകൾ റവന്യൂ ഹെഡിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണമായി പ്രോജക്ട് നമ്പർ 206/24 പ്രകാരം 3,60,407/- രൂപ ചെലവഴിച്ച് വാട്ടർ എ.ടി.എം വാങ്ങിയത് ബാലൻസ്ഷീറ്റിൽ ആസ്തി ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് അന്വേഷണം.26/18.11.2024 നുള്ള മറുപടിയിൽ അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. അപാകത പരിഹരിക്കേണ്ടതാണ്.

### 1-1-10 സ്വച്ഛ് ഭാരത് അഭിയാൻ -വരവ് ചെലവ് വിവരം ലഭ്യമാക്കിയിട്ടില്ല

വാർഷിക ധനകാര്യ പത്രികയിലെ ഹെഡ് കോഡ് 320100174 - SWACCHA BHARAT ABHIYAAN (RURAL AND URBAN) -ന്റെ ലഡ്ജർ പരിശോധിച്ചതിൽ, പ്രസ്തുത ഹെഡിൽ തൻവർഷം ലഭിച്ച ,47,000/- രൂപ പൂർണമായും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ ഹെഡിന്റെ ബാങ്ക് ബുക്ക് പരിശോധിച്ചതിൽ (IDBI Account No.0889104000109123) 2023-24 വർഷം വരവോ ചെലവോ ഇല്ല എന്ന് വ്യക്തമായിട്ടുണ്ട്.സ്വച്ഛ് ഭാരത് അഭിയാൻ 320100174 ഹെഡിലെ വരവ് ചെലവ് വിശദാംശങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

### 1-1-11 തനതു വരവുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുകളുമായി പൊരുത്തപ്പെടുത്തുന്നില്ല

തനതു വരവുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.ഓഡിറ്റ് അന്വേഷണം.26/18.11.2024 നുള്ള മറുപടിയിൽ ഇത് സംബന്ധിച്ച് ബന്ധപ്പെട്ട സെക്ഷനുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കാനായി ശ്രദ്ധിക്കേണ്ടതാണ്.

### 1-1-12 Secured Loans - Loan From KUDRFC വാർഷിക കണക്കുകളിലെ അപാകത

Secured Loan -Loan From KUDRFC സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള മുന്നിരിപ്പ് (2022-23 B-5 പ്രകാരം) | 2023-24 വർഷത്തെ ലോൺ തുക (RP-31 പ്രകാരം) | ആകെ | തിരിച്ചടവ് (സുലേഖ പ്രകാരം) | ബാലൻസ് |
|---|---|---|---|---|
| 1,78,94,258 | 1,43,93,054 | 3,22,87,312 | 22,36,113 | 3,00,51,199 |

എന്നാൽ തൻ വർഷത്തെ വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം Secured Loan -Loan From KUDRFC തിരിച്ചടവ് തുക 23,36,113/- രൂപയും നീക്കിയിരിപ്പ് തുക 2,99,51,199/- രൂപയുമാണ്. (B-5 ലെ 330500201 ഹെഡ് പ്രകാരം). ബാലൻസ് തുകയിലെ വ്യത്യാസം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണം 20/14.11.24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-1-13 പദ്ധതിക്കായി ചെലവ് ചെയ്ത തുക വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയില്ല

ബാലൻസ് ഷീറ്റ് B-4 ലെ 320700102 മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നുള്ള വിഹിതത്തിന്റെ നീക്കിയിരിപ്പ് 13,51,603/- രൂപയാണ്. മേൽപ്പറഞ്ഞ വിഹിതത്തിൽ നിന്നും പദ്ധതി നമ്പർ 239/24 ചെലവാക്കിയ 1,51,603/- രൂപ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയില്ല. സുലേഖ പദ്ധതി പ്രകാരം പദ്ധതി ചെലവ് 1,52,397/- രൂപയാണ്. 774/-രൂപ (157397-151603) മഴവെള്ള സംഭരണിയുടെ നികുതി ഒടുക്കാനായി തനത് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ടി തുക സുലേഖ ചെലവ് പത്രികയിൽ മറ്റുള്ളവ എന്ന ഹെഡിൽ ഉൾപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പദ്ധതിക്കായി ചെലവ് ചെയ്ത തുക വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തി മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നുള്ള വിഹിതത്തിന്റെ നീക്കിയിരിപ്പിൽ കുറവ് ചെയ്യാത്തിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-2 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| **അംഗീകരിച്ച തീയതി** | 28.03.2023 | ലഭ്യമല്ല |
| **ഭരണസമിതി തീരുമാനം** | 1 | |
| **മുന്നിരിപ്പ്** | 4,25,515 | 83,78,246 |
| **പ്രതീക്ഷിത വരവ്** | 32,98,05,000 | 33,53,05,000 |
| **ആകെ** | 33,02,30,515 | 34,36,83,246 |
| **പ്രതീക്ഷിത ചെലവ്** | 32,88,17,000 | 33,34,86,617 |
| **നീക്കിയിരിപ്പ്** | 14,13,515 | 1,01,96,629 |

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവ് പ്രകാരമുള്ള പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം പ്രതിമാസ അവലോകനം നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതുമാണ്. എന്നാൽ ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള വാർഷിക അവലോകനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 214(6) പ്രകാരം അനിവാര്യ അടിയന്തിര സാഹചര്യത്തിലൊഴികെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും ചെലവഴിക്കാൻ പാടുള്ളതല്ല. 214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 72, 73, 74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ ചെലവ് ചെയ്യുന്നതിനു മുൻപ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുണ്ട്. റിവൈസ്ഡ് ബജറ്റ് തയാറാക്കിയിട്ടുണ്ടെങ്കിലും ബജറ്റിലെയും ധനകാര്യപത്രികയിലെയും, ചെലവിനങ്ങൾ തമ്മിൽ പൊരുത്തപ്പെടുത്തിയപ്പോൾ വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവ് ചെയ്തതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| Detailed Head | ഇനം | AFS പ്രകാരമുള്ള ചെലവ് | ബഡ്ജറ്റ് പ്രകാരം വകയിരുത്തിയ ചെലവ് |
|---|---|---|---|
| 2206001 | പരസ്യവും പ്രചരണവും | 2,05,026 | 1,00,000 |

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണം 23/15.11.24 നുള്ള മറുപടിയിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വാർഷിക അവലോകനം നടത്തിയിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---:|
| മുന്നിരിപ്പ് | 2,18,52,563 |
| വരവ് | 7,43,58,142 |
| ആകെ | 9,62,10,705 |
| ചെലവ് | 6,16,24,291 |
| നീക്കിയിരിപ്പ് | 3,45,86,414 |

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റുകളുടെ വിനിയോഗവിവരം ചുവടെ ചേർക്കുന്നു.

| Fund/Grant | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---:|---:|---:|---:|
| വികസനഫണ്ട് (ജനറൽ) | 0 | 2,13,82,015 | 2,36,74,988 | -22,92,973 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 56,63,352 | 52,08,611 | -4,54,741 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 0 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 30,99,000 | 14,75,510 | 16,23,490 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 41,32,000 | 42,35,023 | -1,03,023 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 29,04,600 | 28,09,181 | 95,419 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 1,62,94,650 | 87,77,083 | 75,17,567 |
| കേന്ദ്രാവിഷ്കൃത ഫണ്ട്(സി.എസ്.എസ്) | 0 | 0 | 28,01,233 | -28,01,233 |
| സംസ്ഥാനവിഷ്കൃത ഫണ്ട്(എസ്.എസ്.എസ്) | 0 | 0 | 82,44,390 | -82,44,390 |

## 1-4-1 ഗ്രാന്റ് വിനിയോഗം-അപാകങ്ങൾ

1)ഗ്രാമ പഞ്ചായത്തിലെ 2023-24 വർഷത്തെ മേഖലാ അടിസ്ഥാനത്തിലെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ്(മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---:|---:|---|
| **ഉല്പാദനം** | പൊതുവിഭാഗം | 67,65,000 | 48,04,067 | 71.00 |
| | പട്ടിക ജാതി | 4,50,000 | - | - |
| **സേവനം** | പൊതുവിഭാഗം | 7,13,32,688 | 3,90,41,136 | 54.73 |
| | പട്ടിക ജാതി | 6,23,22,705 | 60,78,491 | 9.71 |
| **പശ്ചാത്തലം** | പൊതുവിഭാഗം | 3,59,10,970 | 1,24,87,212 | 34.77 |
| | പട്ടിക ജാതി | 15,04,000 | 12,68,677 | 84.35 |

2) ഹെൽത്ത് ഗ്രാന്റ് പ്രകാരമുള്ള വരവ്, ചെലവ് വിശദാംശങ്ങൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

3)പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗരേഖ ഖണ്ഡിക 6.1 പ്രകാരം പട്ടിക ജാതി ഉപപദ്ധതി വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ല.പട്ടിക ജാതി ഉപപദ്ധതിക്കായി ലഭിച്ച 63,73,000/- രൂപയിൽ 52,08,611/- രൂപ മാത്രമാണ് ചെലവഴിച്ചത്.

4)ഗ്രാന്റ് സ്റ്റേറ്റുമെന്റിൽ വികസനഫണ്ട് (ജനറൽ) ന്റെ Receipt ഭാഗത്ത് Source Deduction കൂടാതെയുള്ള തുകകളും Expenditure ഭാഗത്ത് Source Deduction ഉൾപ്പെടെയുള്ള തുകകളുമാണ് കാണപ്പെടുന്നത്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ഫണ്ടിൽ വരവിനേക്കാൾ കൂടുതൽ ചെലവും നീക്കിയിരിപ്പായി നെഗറ്റീവ് തുകയും കാണപ്പെടുന്നുണ്ട്.

5)വാർഷിക ധനകാര്യ പത്രികയിൽ കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെയും (സി.എസ്.എസ്.) സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെയും (എസ്.എസ്.എസ്) മുന്നിരിപ്പ്, വരവ് തുകകൾ ഉൾപ്പെടുത്തുന്നുണ്ടെങ്കിലും ഗ്രാന്റ് സ്റ്റേറ്റുമെന്റിൽ പ്രസ്തുത ഫണ്ടുകളുടെ മുന്നിരിപ്പ് വരവ് തുകകൾ ഉൾപ്പെടാതെ ചെലവ് തുകകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ നീക്കിയിരിപ്പ് തുക നെഗറ്റീവ് തുകയായി കാണപ്പെടുന്നു.

6)വെബ് സാംഖ്യമുഖേന ലഭ്യമാകുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ നിർവഹണ ഉദ്യോഗസ്ഥൻ ബിൽ ജനറേറ്റ് ചെയ്യുമ്പോൾതന്നെ ചെലവ് രേഖപ്പെടുത്താത്തതിനാൽ ക്യൂബില്ലുകളും ട്രഷറിയിൽ നിന്നും പേയ്മെന്റ് ചെയ്യാത്ത

ബില്ലുകളുടെ വിവരങ്ങളും ഉൾപ്പെടുന്നുണ്ട്.

7) ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ (സി.എഫ്.സി ടൈഡ് – അൺടൈഡ്) മുന്നിരിപ്പ് ഉണ്ടെങ്കിലും ഗ്രാന്റ് സ്റ്റേറ്റുമെന്റിൽ ആയത് ഉൾപ്പെട്ടിട്ടില്ല. മേൽ കാരണങ്ങളാൽ വാർഷിക ധനകാര്യ പത്രിക, ഗ്രാന്റ് സ്റ്റേറ്റുമെന്റ്, എ.സി.ആർ എന്നിവയിലെ വരവ് ചെലവ് നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

8)30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത, സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ മുനിസിപ്പൽ കോർപ്പറേഷൻ,ബ്ലോക്ക് പഞ്ചായത്ത്,ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ടുകൾക്ക് മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുക 2023-24 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. 2023-24 വർഷം നീക്കിയിരിപ്പായി അവശേഷിക്കുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | തുക | വിഹിതം നൽകിയ സ്ഥാപനം |
|---|---|---|---|
| 1 | 320700202 | 13,51,603 | മുനിസിപ്പൽ കോർപ്പറേഷൻ |
| 2 | 320700104 | 56,270 | ബ്ലോക്ക് പഞ്ചായത്ത് |
| 3 | 320700204 | 10,81,532 | |
| 4 | 320700205 | 1,96,000 | ജില്ലാ പഞ്ചായത്ത് |

9) Special Programme For Old Age എന്ന വിഭാഗത്തിനായി വകയിരുത്തിയ തുക ചെലവ് ചെയ്തിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| വിഭാഗം | പ്രൊജക്ട് | അടങ്കൽ തുക |
|---|---|---|
| Special Programme For Old Age | 50, വയോജനങ്ങൾക്ക് കട്ടിൽ | 7,14,000 |

## 1-5 പദ്ധതി അവലോകനം

2023-24 പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി 15.12.2022 ലെ 1(21) നമ്പർ ഭരണസമിതി തീരുമാന പ്രകാരം ആസൂത്രണ സമിതി പുന സംഘടിപ്പിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിനായി 21.12.2022 ൽ ആസൂത്രണസമിതി യോഗം ചേർന്നിട്ടുണ്ട്. എന്നാൽ യോഗ തീരുമാനങ്ങൾ മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

**തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കിയത്) | ആകെ പദ്ധതി ചെലവ് (മറ്റുള്ളവ ഒഴിവാക്കിയത്) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 16 | 14 | 2 | 15,60,500 | 13,10,333 | 83.97 |
| മെഡിക്കൽ ഓഫീസർ പി.എച്ച് സി | 24 | 19 | 5 | 76,66,388 | 55,49,572 | 72.39 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 3 | 3 | 0 | 4,35,000 | 4,30,148 | 98.88 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 5 | 5 | 0 | 13,85,000 | 13,84,513 | 99.96 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 0 | 19,50,000 | 12,50,704 | 64.14 |
| ഫിഷറീസ് ഓഫീസർ | 1 | 1 | 0 | 48,000 | 48,000 | 100 |

| | | | | | | |
|---|---|---|---|---|---|---|
| വെറ്ററിനറി സർജൻ | 5 | 5 | 0 | 20,81,500 | 19,77,200 | 94.99 |
| ഐ സി ഡി എസ് | 13 | 11 | 2 | 73,40,218 | 55,73,010 | 75.92 |
| സെക്രട്ടറി | 40 | 28 | 12 | 1,04,80,983 | 66,11,443 | 63.08 |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 9 | 2 | 53,85,680 | 31,25,366 | 58 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 106 | 67 | 39 | 3,90,46,385 | 1,36,28,120 | 34.9 |
| വി.ഇ.ഒ (സർക്കിൾ1) | 3 | 3 | 0 | 32,300,000 | 1,55,00,000 | 47.99 |
| വി.ഇ.ഒ (സർക്കിൾ 2) | 38 | 26 | 12 | 6,79,45,357 | 66,63,434 | 9.81 |
| ഹെഡ്മാസ്റ്റർ | 4 | 3 | 1 | 8,90,000 | 8,75,343 | 98.35 |

തദ്ദേശഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് വർക്ക് ഗ്രൂപ്പുകൾക്ക് സഹായം നൽകുക, പദ്ധതി ആസൂത്രണത്തിനുള്ള സമയക്രമം അനുസരിച്ച് പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിൽ ഏകോപനം ഉറപ്പുവരുത്തുക, സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാഹിപ്പിക്കുക, വിവിധ വിഷയങ്ങളിലും മേഖലകളിലും പഠന ഗവേഷണങ്ങൾ നടത്തി ഭരണസമിതിക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ ചുമതലകൾ നിർവഹിച്ചതായി ആസൂത്രണ സമിതി മിനിട്സ് പരിശോധിച്ചതിൽ കണ്ടെത്താൻ കഴിഞ്ഞില്ല. ഗ്രാമപഞ്ചായത്തിലെ വിവി വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചത് പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗത്തിൽ ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്. പ്രോജക്ട് നിർദ്ദേശങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച് ചർച്ച ചെയ്തിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ്ിൽ ചർച്ച ചെയ്യാത്ത പദ്ധതികളും ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട് ( ഉദാ- വി ഇ ഒ നിർവ്വഹിച്ച വാട്ടർ എറ്റിഎം വാങ്ങൽ, മൊസ്കിറ്റോ ഫ്രീ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ ). വിവിധ വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ പദ്ധതികളുടെ മോണിറ്ററിംഗിന്റെ വിവരങ്ങൾ മിനിട്സ് ചെയ്തിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ നിർദ്ദേശിക്കുന്ന പ്രോജക്ടുകൾ അതാത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടർ ചെയ്യുന്നതിലൂടെ പ്രോജക്ടുകളുടെ ഗുണമേന്മ ഉറപ്പുവരുത്താൻ സാധിക്കുന്നു. ആയതിനാൽ മോണിറ്ററിംഗ് ഫലപ്രദമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-6 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളിപെൻഷൻ | 23,40,200 | 169 |
| വിധവാപെൻഷൻ | 1,46,97,700 | 1373 |
| വാർദ്ധക്യകാലപെൻഷൻ | 2,95,00,800 | 2902 |
| വികലാംഗ പെൻഷൻ | 40,12,700 | 357 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1,58,400 | 16 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.11.2024 ന് 2.30 PM സമയത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 55,984/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ജോലി വിഭജന രേഖ

വ്യക്തവും ആധികാരികവുമായി ഓഫീസ് ഉത്തരവ് മുഖേന ഉദ്യോഗസ്ഥരുടെ ചുമതലകൾ വിഭജിച്ച് നൽകിയിട്ടുണ്ട്. കൂടാതെ, ഓഫീസ് ഉത്തരവിൽ എല്ലാ ജീവനക്കാരും കൈകാര്യം ചെയ്യുന്ന ഫയലുകളുടെ സൂക്ഷിപ്പും പരിശോധനയ്ക്കായി ഹാജരാക്കുന്നതിനുള്ള ഉത്തരവാദിത്തവും പ്രസ്തുത ജീവനക്കാർക്കാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സ്റ്റാഫ് മീറ്റിംഗ്

സ്റ്റാഫ് മീറ്റിംഗ് കൃത്യമായ ഇടവേളകളിൽ കൂടുകയും ആവശ്യമായ നിർദ്ദേശങ്ങൾ ജീവനക്കാർക്ക് നൽകുകയും ചെയ്യുന്നതായി ഓഫീസ് മീറ്റിംഗ് മിനിട്ട്സ് പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

സ്ഥാപനത്തിൽ നിയമാനുസൃതം സൂക്ഷിക്കേണ്ട എല്ലാവിധ രജിസ്റ്ററുകളും കൃത്യമായി രേഖപ്പെടുത്തൽ വരുത്തി സൂക്ഷിച്ചിട്ടുണ്ട്. ഇൻകുമ്പൻസി മാസ്റ്റർ രജിസ്റ്റർ, സേവന പുസ്തക രജിസ്റ്റർ, ക്യാഷ് ഡിക്ലറേഷൻ, കാഷ്വൽ ലീവ്, മൂവ്മെന്റ്, സ്യൂട്ട് എന്നീ രജിസ്റ്ററുകളും പരാതി രജിസ്റ്റർ, വിവരാവകാശ രജിസ്റ്റർ എന്നിവയും യഥാവിധി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്.

സർക്കാരിലേക്ക് ഒടുക്കേണ്ട അംശദാനങ്ങൾ

ഇൻകം ടാക്സ്, ജി.എസ്.ടി., തൊഴിലാളി ക്ഷേമനിധി, പെൻഷൻ കോൺട്രിബ്യൂഷൻ, ലൈബ്രറി സെസ് മുതലായവ യഥാസമയം ഒടുക്ക് വരുത്തുന്നുണ്ട്.

ഗ്രാമസഭ

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3(3) അനുശാസിക്കുന്ന പ്രകാരം ഗ്രാമസഭ നിശ്ചിത ഇടവേളകളിൽ കൂടുന്നില്ല. 2023-24 വർഷം രണ്ട് ഗ്രാമസഭകൾ മാത്രമാണ് കൂടിയിട്ടുള്ളത്. വികേന്ദ്രീകൃതാസൂത്രണ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് നിശ്ചിത ഇടവേളകളിൽ ഗ്രാമസഭ കൂടേണ്ടത് അനിവാര്യമാണ്.

വർക്കിംഗ് ഗ്രൂപ്പ്

തൻവർഷം എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും ഒരു പ്രാവശ്യം മാത്രമാണ് കൂടിയിട്ടുള്ളത്. വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനും ആയതിനെപ്പറ്റിയുള്ള ചർച്ചകൾ നടത്തി ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനുള്ള പദ്ധതികൾ മോണിട്ടർ ചെയ്യുന്നതിനും വർക്കിംഗ് ഗ്രൂപ്പുകൾ കൂടേണ്ടത് അനിവാര്യമാണ്.

ഓഡിറ്റ് റിപ്പോർട്ട്/ഓഡിറ്റ് ഒബ്ജക്ഷൻ

ഓഡിറ്റ് റിപ്പോർട്ട് പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ച് ഭരണ സമിതി ചർച്ച നടത്തുകയും ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ തുടർ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

ആസ്തി സംരക്ഷണ പദ്ധതി നടപ്പിലാക്കുകയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ മാനേജ്മെന്റ് കമ്മിറ്റികൾ ഫലപ്രദമായി പ്രവർത്തിക്കുകയും ചെയ്യുന്നു.

ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗമായ കെട്ടിട നികുതി തൻവർഷം 76% മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്. കെട്ടിട നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നടപടി പഞ്ചായത്ത് അധികാരികൾ കൈക്കൊള്ളേണ്ടതും തന്മൂലം ഉണ്ടാകുന്ന ഗ്രാന്റ് നഷ്ടം ഒഴിവാക്കുകയും ചെയ്യേണ്ടതാണ്. പഞ്ചായത്തിന്റെ വികസന പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധ പുലർത്തേണ്ടതാണ്. ഷോപ്പിംഗ് കോംപ്ലക്സിൽ ഒഴിഞ്ഞുകിടക്കുന്ന നാല് മുറികൾ ലേലം ചെയ്ത് നൽകുന്നതിന് പഞ്ചായത്ത് ഭരണ സമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-9 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നിക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11,13,490 | 6,17,000 | 17,30,490 | 17,30,490 | 0 |
| ഗുണഭോക്താക്കൾക്ക് നൽകുന്നത് | 0 | 3,95,21,150 | 3,95,21,150 | 3,95,21,150 | 0 |
| ആകെ | 11,13,490 | 4,01,38,150 | 4,12,51,640 | 4,12,51,640 | 0 |

## 1-10 മറ്റ് ഓഡിറ്റുകളുടെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.06.20 മുതൽ 03.07.20 വരെ | 2015-16 മുതൽ 2019-20 വരെ | 27.08.20 |

## 1-11 പാരാമെഡിക്കൽ സ്ഥാപനങ്ങൾ സ്വകാര്യ ആശുപത്രി- രജിസ്ട്രേഷൻ എടുത്തില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്ന ചുവടെ പറയുന്ന സ്ഥാപനങ്ങൾ 2023-24 സാമ്പത്തികവർഷം കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യപാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടില്ല.

| സ്ഥാപനം | FTE&OS ലൈസൻസ് നമ്പർ |
|---|---|
| വിജയ് ആയുർവേദിക് ഫൂട്ട് തെറാപ്പി സെന്റർ | 1449/2023 |
| ഇഷ ആയുർവേദ | 1570/2023 |
| ശ്രീധരവിലാസം വൈദ്യശാല | 1776/2023 |
| DDRC SRL ലബോറട്ടറി | 2842/2023 |
| ദിയ ഇ.എൻ.ടി ഹോസ്പിറ്റൽ | 4244/2023 |
| അസ്സാർ ഡയഗണോസ്റ്റിക് ലാബ് | 176/2024 |
| ലബോറട്ടറി | 964/2024 |

ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം. 14/2023-'24, 12.11.2024) സർക്കാർ ഉത്തരവ് നമ്പർ 075/2024/LSGD Dt. 30.10.24 പ്രകാരമുള്ള നടപടികൾ സ്വീകരിക്കും എന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ പ്രസ്തുത ഉത്തരവ് FTE&OS ലൈസൻസുമായി ബന്ധപ്പെട്ട ഉത്തരവാണ്. മേൽ മറുപടി പരിഗണനാർഹമല്ല.
ഈ വിഷയത്തിന്മേൽ സ്വീകരിച്ച തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-12 വളർത്തു നായകൾക്ക് ലൈസൻസ് - തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254, കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല.

2023-'24 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 1140 വളർത്തുനായകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട് . എന്നാൽ 2023-'24 സാമ്പത്തിക വർഷത്തേക്ക് ലൈസൻസ് നൽകിയിട്ടുള്ളത് 40 വളർത്തു നായകൾക്ക് മാത്രമാണ് . 2022 -'23 സാമ്പത്തിക വർഷത്തിൽ 338 നായ്ക്കൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് (നം. 13/2023-'24, 12.11.2024) വെറ്റിനറി ഡോക്ടർ വാക്സിനേഷൻ എടുക്കുന്ന സമയത്ത് പഞ്ചായത്ത് ലൈസൻസ് കൂടി എടുക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ടെന്നും വസ്തു നികുതി സംബന്ധമായ മൈക്ക് അനൗൺസ്മെന്റ് നടത്തുന്ന സമയത്ത് നായകൾക്ക് ലൈസൻസ് എടുക്കണമെന്ന് അറിയിച്ചെന്നും പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വളർത്തുനായകൾക്കും ലൈസൻസ് എടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.
തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതും, രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-13 FTE & OS ലൈസൻസ്

FTE & OS ലൈസൻസ് പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

### 1-13-1 റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996 ലെ കേരള പഞ്ചായത്ത് രാജ് FTE &OS ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനുമതി ഇല്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കാൻ പാടില്ലാത്തതാണ്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019 ലെ (സി.എസ്) എ9-764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ എത്ര റേഷൻകടകൾ ഉണ്ടെന്ന വിവരവും പ്രസ്തുത റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചതിന്റെ വിശദാംശവും ലഭ്യമാക്കുന്നതിനു നൽകിയ അന്വേഷണക്കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം. 10/2023-'24, 12.11.2024) 12 റേഷൻ കടകൾ ഉണ്ടെന്നും ടി കടകളിൽ നേരിട്ടെത്തി ലൈസൻസ് എടുക്കുന്നതിന് നിർദേശം നൽകുകയും റേഷൻ ഉടമകളുടെ മീറ്റിംഗ് വിളിക്കുകയും ചെയ്തിരുന്നുവെങ്കിലും, ആയത് ടി കടയുടമകൾ ബഹിഷ്കരിച്ച സാഹചര്യത്തിൽ ലൈസൻസ് എടുക്കുന്നതിനും തൊഴിൽ നികുതി ഒടുക്കുന്നതിനും നോട്ടീസ് നൽകുന്നതാണെന്നും മറുപടി ലഭ്യമാക്കി.
റേഷൻകട ഉടമകൾക്ക് നോട്ടീസ് നൽകി ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

## 1-13-2 യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിലുള്ള മോട്ടോർഫീസ് ലൈസൻസ് ഫീസിനൊപ്പം ഈടാക്കിയിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ) ചട്ടം 17,18 പട്ടിക 3 എന്നിവ പ്രകാരം യന്ത്രത്തിന്റെ കുതിരശക്തിക്കാനുപാതികമായി നിശ്ചിത മോട്ടോർ ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ 2023-'24 സാമ്പത്തിക വർഷത്തേയ്ക്ക് ഫാക്ടറി വ്യാപാര ലൈസൻസ് എടുക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകളുടെ പരിശോധനയിൽ ബി ബി ആനന്ദ് ഹോളോ ബ്രിക്സ് (ലൈസൻസ് നമ്പർ: 400250/RPTL20/GPO/2024/1082) എന്ന സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിലും വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് ഈടാക്കാത്തതായി കണ്ടെത്തിയിട്ടുണ്ട്. മേൽ അപാകത്തിന് മറുപടി ലഭ്യമാക്കുന്നതിനd നൽകിയ അന്വേഷണക്കുറിപ്പിൽ (ഓഡിറ്റ് എൻക്വയറി നം. 07/2023-'24, 11.11.2024) ടി സ്ഥാപനത്തിൽ നിന്നും യന്ത്രങ്ങളുടെ കുതിരശക്തിക്കനുസൃതമായി 300/- രൂപ മോട്ടോർഫീസ് അടയ്ക്കുന്നതിന് നിർദേശം നല്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

മോട്ടോർഫീസ് ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-13-3 ട്രേഡേഴ്സ് ലിസ്റ്റ് പൂർണമല്ല

1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232ാം വകുപ്പ് പ്രകാരം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസ് കൂടാതെ യാതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം പാരാമെഡിക്കൽ സ്ഥാപനങ്ങൾ, സിനിമ തിയേറ്റർ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ 361 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലുള്ള എല്ലാ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പരിശോധിച്ചപ്പോൾ ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഉദാഹരണമായി, വാർഡ് നം. 2ൽ സ്ഥിതി ചെയ്യുന്ന ലൈസൻസ് എടുത്ത ചുവടെ നൽകിയിരിക്കുന്ന സ്ഥാപനങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

| വാർഡ് നമ്പർ/ കെട്ടിട നമ്പർ | സ്ഥാപന പേര് | ഉടമ |
|---|---|---|
| II/9 | അനിൽ സ്റ്റോർ | കുട്ടപ്പൻ പി. |
| II/118 | യുണീക് കളക്ഷൻ | ഷീന മറീന |
| II/73 | ഐശ്വര്യ ഫാഷൻ ട്രെൻഡ്സ് | സുശീല എം ആർ |
| II/77 | കൊച്ചിൻ ബേക്കേഴ്സ് & പ്രൊവിഷൻ സ്റ്റോർ | ജിഷ ജെ |
| II/14-F | ദിയ ഇ.എൻ.ടി ഹോസ്പിറ്റൽ | ജോൺ കുര്യൻ |

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം. 10/2023-'24, 12.11.2024) വിട്ടുപോയിട്ടുള്ള സ്ഥാപനങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് ഉണ്ടെന്നതും അവ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 1-14 തൊഴിൽ നികുതി -വിവിധ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ തൊഴിൽ നികുതി പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

## 1-14-1 ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും അടവാക്കിയില്ല

ഹരിത മിത്രം ആപ്പ്, തൊഴിൽ നികുതി രജിസ്റ്റർ, പത്രികകൾ, ഡിമാന്റ് നോട്ടീസ് എന്നിവ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2023-'24 വർഷത്തെ ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | കെട്ടിട നം. | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 4/456 | നവോദയ കോളേജ് |

| | | |
|---|---|---|
| 2 | 3/92 | ഒലിവ് ഡെയ്ൽ ഡേ കെയർ |
| 3 | 4/451 | വൃന്ദാവൻ സ്കൂൾ |
| 4 | 12/19B | പരശുറാം സിദ്ധ ഹെൽത്ത് സെന്റർ |
| 5 | 4/461/B | കാരുണ്യ ഹോസ്പിറ്റൽ |
| 6 | 4/461/E | ക്രൗൺ മൾട്ടിസ്പെഷ്യാലിറ്റി |
| 7 | 08/268B | വിയാനെക്സ് ഫാർമസ്യൂട്ടിക്കൽസ് |
| 8 | 08/352 | ശ്രുതി ഡെന്റൽ ഹോസ്പിറ്റൽ |

അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 32/2023-'24, 19.10.2024) മറുപടി ലഭ്യമാക്കിയില്ല.
മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-14-2 റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി. എസ്.) എ9 – 764/2019 സർക്കുലർ പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതി ഒടുക്കേണ്ടതാണെന്ന് വ്യക്തത വരുത്തിയിട്ടുണ്ട്. സ്ഥാപനത്തിന്റെ പരിധിയിൽ 12 റേഷൻ കടകൾ ഉണ്ട്. ഇവയിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടി സംബന്ധിച്ച് വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്( ഓഡിറ്റ് എൻക്വയറി നം 2/2023-24, 11.11.2024) ടി സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കിയിരുന്നതും ആയത് പാലിക്കാത്ത സാഹചര്യത്തിൽ റേഷൻ കട ഉടമകളുടെ മീറ്റിംഗ് വിളിക്കുകയും അവർ അത് ബഹിഷ്കരിച്ചതിനാലും, സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിന് കീഴിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ ആകയാൽ ലൈസൻസും തൊഴിൽ നികുതി ഒടുക്കേണ്ട ആവശ്യം ഇല്ലെന്ന നിലപാട് റേഷൻ കടകൾ സ്വീകരിച്ചതിനാലും, സാമ്പത്തിക പിന്നാക്കാവസ്ഥ നേരിടുന്ന ജനവിഭാഗങ്ങൾക്ക് സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ എന്ന നിലയിൽ പൊതുജന വികാരം മാനിച്ച് ഈ സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടി കൈക്കൊള്ളാൻ സാധിക്കാത്ത സ്ഥിതി ആണ് നിലവിലുള്ളതെന്ന് മറുപടി ലഭ്യമാക്കി.

റേഷൻ കടകളിൽ നിന്നും കുടിശ്ശിക ഉൾപ്പെടെ തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 വിനോദനികുതി അടവാക്കാതെ സിനിമാ തീയേറ്റർ പ്രവർത്തിക്കുന്നു.

2019 ജനവരി 1 മുതൽ സിനിമാ ടിക്കറ്റിന്മേൽ ഏർപ്പെടുത്തിയിരുന്ന ജി.എസ്.ടി നിരക്ക് 28% ൽ നിന്നും 18% ആയി കുറച്ച സാഹചര്യത്തിൽ മുമ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചിരുന്ന വിനോദനികുതി പുന:സ്ഥാപിക്കാൻ സർക്കാർ തീരുമാനിക്കുകയും തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 31-08-2019 ലെ സ.ഉ.(കൈ)നം.112/2019 /തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 100/- രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% വിനോദ നികുതിയും 100/- രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വിനോദ നികുതിയും 01-09-2019 മുതൽ ഈടാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിനനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം തീയതിക്കുള്ളിൽ പിരിച്ചെടുത്ത നികുതി തദ്ദേശ ഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്ന് ഈ ഉത്തരവിൽ സൂചിപ്പിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പിന്റെ വിനോദനികുതി സംബന്ധിച്ച 31-01-2024 ലെ സാ.ഉ(കൈ)നം.17/2024/LSGD നമ്പർ ഉത്തരവിലും ടി നിരക്കുകളിൽ മാറ്റം വരുത്തിയിട്ടില്ല.

2023-'24 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്ന SP സിനിമാസ് പേയാട് (ലൈസൻസ് നം. 4027/23 & 4028/23) എന്ന സിനിമാതീയറ്ററിൽ നിന്നും വിനോദനികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം. 30/2023-'24, 18.11.2024) വിനോദ നികുതി ഈടാക്കുന്നതിന് കത്ത് നൽകുകയും നേരിട്ട് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ടെന്നും, വിനോദ നികുതി ഒടുക്കാത്തതിനാൽ അടിയന്തരമായി തുക ഒടുക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണെന്നും മറുപടി ലഭ്യമാക്കി.

മേൽപ്പറഞ്ഞ സിനിമ തീയേറ്ററിൽ നിന്നും ചരക്ക് സേവന നികുതി ഒടുക്കിയ ടിക്കറ്റിന്റെ എണ്ണത്തിനനുസൃതമായി വിനോദ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-16 വസ്തു നികുതി - അപാകങ്ങൾ

വസ്തു നികുതി പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

## 1-16-1 ടെലഫോൺ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിലുള്ള മൊബൈൽ ടവറുകളുടെ വസ്തു നികുതിയിൽ കുടിശ്ശിക നിലനിൽക്കുന്നതായി സഞ്ചയ പ്രകാരം കാണുന്നു. ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളിൽ നിന്നും തൻവർഷത്തെ വസ്തു നികുതിയും, ലൈബ്രറി സെസ്സും ഉൾപ്പെടെയുള്ള തുകകൾ നാളിതുവരെ ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നം. | വിസ്തീർണം | തരം | വാർഷിക നികുതി |
|---|---|---|---|---|
| 1 | 8/131/ Reliance Tower | 10 $M^2$ | മൊബൈൽ ടെലഫോൺ ടവർ | 4,466 |
| 2 | 8/132/ B.S.N.L Tower | 15$m^2$ | മൊബൈൽ ടെലഫോൺ ടവർ | 6,698 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് (നം. 24/2023-'24, 16.11.2024)ന് ലഭിച്ച മറുപടിയിൽ മൊബൈൽ ടവറിന്റെ വസ്തു നികുതി പിരിച്ചെടുക്കുന്നതിനായി ഡിമാൻഡ് നോട്ടീസ് തപാലിൽ അയച്ചിട്ടുണ്ടെന്നും കുടിശിക പിരിച്ചെടുക്കുന്നതിനായി ഈ വർഷം ഏപ്രിൽ 30നകം തന്നെ ആർ ആർ ഡിമാൻഡ് നോട്ടീസ് രജിസ്റ്റേർഡ് തപാലിൽ അയച്ചു നല്കിയിട്ടുണ്ടെന്നും 2024/1001 നമ്പർ ഫയൽ പ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുകയുമാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ വസ്തു നികുതി കുടിശിക അടക്കം 100% നികുതി പിരിച്ചെടുക്കുന്നതിന് 23.11.2024 മുതൽ ക്യാമ്പ് കളക്ഷൻ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി.

മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16-2 വസ്തുനികുതി പരിഷ്കരണം - നടപടിക്രമങ്ങൾ പൂർത്തിയായില്ല

സ.ഉ(കൈ) നം. 77/2023/LSGD തീയതി 22.03.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1) ഗ്രാമപഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതും 2023-24 വർഷത്തെ ഡിമാന്റും ഓരോ വർഷവും 5% വീതം നികുതി വർദ്ധിക്കും എന്ന വ്യവസ്ഥയും ഉൾപ്പെടുത്തിയ ഡിമാന്റ് നോട്ടീസ്, മേൽ ഉത്തരവ് പ്രകാരമുള്ള 9 എ ഫോറത്തിൽ 31.03.2023 -നകം കെട്ടിട ഉടമകൾക്ക് നൽകേണ്ടതുമാണ്.

2) ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ വിവര ശേഖരണം 30.06.2023 -നകം പൂർത്തീകരിക്കേണ്ടതും, വിവര ശേഖരണത്തിനും ഡേറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവെയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതുമാണ്.

3) വിവരണശേഖരണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ വിവരം സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി ഡിമാന്റ് പരിഷ്കരിക്കേണ്ടതാണ്.

4)കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ് വെയറിൽചേർക്കുന്ന മുറയ്ക്ക് 10% കെട്ടിടങ്ങൾ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ നേരിട്ട് പരിശോധന നടത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ നടപ്പാക്കിയത് സംബന്ധിച്ച വിശദാംശംങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ അന്വേഷണക്കുറിപ്പിന് (നം. 03/2023-'24, 11.11.2024) മറുപടിയായി വസ്തു നികുതി പുനർ നിർണയിച്ച 2023-'24 വർഷത്തെ ഡിമാൻഡ് നോട്ടീസ് എല്ലാ കെട്ടിട ഉടമകൾക്കും വസ്തു നികുതി പരിഷ്കരണം അന്തിമ വിജ്ഞാപനം നടത്തിയതിനുശേഷം നൽകിയിട്ടുണ്ടെന്നും ഫയൽ നമ്പർ 1001/2024 പ്രകാരം നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്നും എന്ന് അറിയിച്ചു. കൂടാതെ ഫീൽഡ് തല പരിശോധന നടത്തി വിവരം ശേഖരിക്കുന്നതിനും ഡാറ്റ എൻട്രി നടത്തുന്നതിനും രണ്ടുപേരെ തെരഞ്ഞെടുത്തിരുന്നു എന്നും പ്രസ്തുത വ്യക്തികൾ ഒന്നാം വാർഡിലെ 291 കെട്ടിടങ്ങൾ മാത്രമേ ഫീൽഡ് തല പരിശോധന നടത്തിയിട്ടുള്ളൂ എന്നും ഇവർ സർക്കാർ ഉത്തരവിൽ പറയുന്ന വേതനത്തുക കുറവായതിനാൽ ജോലിയിൽ തുടരാൻ താല്പര്യമില്ലെന്നു അറിയിച്ചതിനാൽ ഫീൽഡ് തല പരിശോധന കഴിഞ്ഞ കെട്ടിടങ്ങളുടെ ഡാറ്റ എൻട്രി നടന്നിട്ടില്ല എന്നും അതിനാൽ തുടർനടപടികൾ നടത്താൻ കഴിഞ്ഞില്ല എന്നും അറിയിച്ചു. കെട്ടിടങ്ങളുടെ വിവര ശേഖരണം പൂർത്തിയാക്കി സഞ്ചയയിൽ രേഖപ്പെടുത്തി, ഡിമാന്റ് പരിഷ്കരിച്ച് നികുതി വർദ്ധനവ് ഉറപ്പാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-16-3 അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതിയിൽ കുടിശ്ശിക

നിയമാനുസൃതമല്ലാത്ത കെട്ടിടത്തിൽ നിന്നും വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും പിരിച്ചെടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | വിസ്തീർണം | തരം | വാർഷിക നികുതി | കുടിശ്ശിക |
|---|---|---|---|---|---|
| 1 | 8/1/UA | 130.96 | പാർപ്പിടാവശ്യം | 3120 (2023) | 1175 (2023 IInd Half) |
| 2 | 9/1/C | 30.43 | പാർപ്പിടാവശ്യം | 728 (2023) | 728 (2023 I & II Half) |

തുകകൾ ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം. 24/2023-'24, 16.11.2024) വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ഈ വർഷം ഏപ്രിൽ 30നകം തന്നെ ആർ ആർ ഡിമാൻഡ് നോട്ടീസ് രജിസ്റ്റേഡ് തപാലിൽ അയച്ചു നൽകിയിട്ടുണ്ടെന്നും 2024/11 നമ്പർ ഫയൽ പ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും 100% വസ്തു നികുതി പിരിച്ചെടുക്കുന്നതിന് 23.11.2024 മുതൽ ക്യാമ്പ് കളക്ഷൻ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി.

നികുതി കുടിശ്ശിക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-16-4 പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണം (നം. 24/2023-24, 16.11.2024) തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-17 തനത് വരുമാന വർദ്ധനവ് - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

### 1) കുടിശ്ശിക രജിസ്റ്റർ പരിപാലിക്കേണ്ടതാണ്

സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി തനത് വരുമാനത്തിലെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് ആറാം ധനകാര്യ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ 01.06.2022 ലെ സർക്കാർ ഉത്തരവ് നം. സ.ഉ.(കൈ)നം.117/2022/LSGD പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഒരു കുടിശ്ശിക രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാനും ഇല്ലായെങ്കിൽ സർക്കാർ നിർദ്ദേശം പാലിക്കാത്തതിന്റെ കാരണം വ്യക്തമാക്കുവാനും നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ -04, 11.11.2024) വസ്തു നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിപ്പോർട്ടുകളും എല്ലാം തന്നെ സഞ്ചയ സോഫ്റ്റ്‌വെയറിലാണുള്ളത് എന്നും ആവശ്യമുള്ളപ്പോൾ പ്രിന്റ് എടുത്ത് സൂക്ഷിക്കാൻ കഴിയുന്നവയും ആയതുകൊണ്ട് ടി രജിസ്റ്ററുകളുടെ പ്രിന്റ് എടുത്ത് കോപ്പി ആയി സൂക്ഷിക്കുന്നില്ലെന്നും തൊഴിൽ നികുതി രജിസ്റ്ററിൽ നിന്നും കുടിശ്ശിക ഉള്ളവരെ തിരിച്ചറിയാൻ സാധിക്കുന്നതിനാലാണ് നിലവിൽ കുടിശ്ശിക രജിസ്റ്റർ സൂക്ഷിക്കാത്തതെന്നും, വരും വർഷങ്ങളിൽ അപാകം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

### 2) നികുതി - നികുതിയേതര വരുമാനങ്ങളുടെ അവലോകനം നടത്തേണ്ടതാണ്

എല്ലാ നികുതി വരുമാനത്തിന്റെയും ഡി.സി.ബി. സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശിക സർക്കാർ ഭരണസമിതി, പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണെന്ന് മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിൽ നടത്തേണ്ടതാണെന്നും മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പാലിച്ചത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ - 04, 11.11.2024) എല്ലാ നികുതി വരുമാനവും ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി പ്രതിമാസം അവലോകനം ചെയ്യാറുണ്ടെന്നും ഗ്രാമസഭകളിൽ അവലോകനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നെന്നും മറുപടി ലഭ്യമാക്കി.

### 3) കുടിശ്ശിക നികുതി പിരിവ് പുരോഗതി വിവരം

കെട്ടിട നികുതിയിൽ വൻകുടിശ്ശിക വീഴ്ച വരുത്തുന്നവരുടെ പത്രിക ഗ്രാമപഞ്ചായത്തിന്റെ നോട്ടീസ് ബോർഡിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണെന്ന് ആറാം ധനകാര്യ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ സ.ഉ(കൈ) നം.124/2022/തസ്വഭവ തീ.15.06.2022 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ വിവിധ നികുതി നികുതിയേതര തുകകൾ അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നവരുടെ പേരുവിവരങ്ങൾ ബന്ധപ്പെട്ട

ഗ്രാമപഞ്ചായത്തിന്റെ വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഏതു തുകയ്ക്കുമേൽ വീഴ്ച വരുത്തുന്നവരുടെ പേരുകളാണ് പ്രസിദ്ധീകരിക്കേണ്ടതെന്ന് അതത് ഗ്രാമപഞ്ചായത്തുകൾക്ക് തീരുമാനിക്കാം എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം കുടിശ്ശിക വിവരം പ്രസിദ്ധീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 04, 11.11.2024) കെട്ടിടനികുതി കുടിശ്ശിക വരുത്തുന്നവരുടെ പേരുവിവരങ്ങൾ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നതിനായി ഭരണസമിതിയിൽ തീരുമാനമെടുത്തിട്ടില്ലെന്നും അടുത്ത ഭരണസമിതി യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്ത് നടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്നും മറുപടി ലഭ്യമാക്കി.

**4) തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല**

ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക ധനകാര്യ പത്രിക പ്രകാരം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന വിവിധ നികുതി നികുതിയേതര വരുമാനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| Receivables For Property Tax On Residential Buildings(Current) | 12,71,514 |
| Receivables For Property Tax On Residential Buildings (Arrears) | 8,01,814 |
| Receivables For Property Tax On Non-Residential Building(Current) | 2,14,148 |
| Receivables For Property Tax On Non-Residential Buildings (Arrears) | 2,25,207 |

സ.ഉ(കൈ)നം.179/2022/ധന തീയതി 18/10/2022 ഉത്തരവ് പ്രകാരം ഡിമാന്റ് ചെയ്യപ്പെടുന്ന തനത് വരുമാനത്തിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ടിൽ നിന്നും ഒരു ശതമാനം കുറവ് ചെയ്യുന്നതാണ്. തനത് വരുമാനം പിരിച്ചെടുക്കുന്നതിലെ കുറവ് വികസന ഫണ്ടിന്റെ ലഭ്യതയെ ബാധിക്കുമെന്നിരിക്കെ തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുക്കുന്നതിനായി സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (04, 11.11.2024) ടി തുകകൾ തിരിച്ചു പിടിക്കുന്നതിലേക്കായി ഈ വർഷം ഏപ്രിൽ 30നകം തന്നെ ആർ ആർ ഡിമാൻഡ് നോട്ടീസ് രജിസ്റ്റേർഡ് തപാലിൽ അയച്ചു നൽകിയിട്ടുണ്ടെന്നും 2024/1001 നമ്പർ ഫയൽ പ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുകയാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ 23.11.2024 തീയതി മുതൽ ക്യാമ്പ് കളക്ഷൻ നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി.

നികുതിയേതിര/നികുതി പിരിവിന്റെ പുരോഗതി റിപ്പോർട്ട് ഭരണസമിതിയുടെ സജീവ ശ്രദ്ധ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 1-18 പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ വാട്ടർ എ.ടി.എം സ്ഥാപിക്കൽ - പദ്ധതി പ്രവർത്തനക്ഷമമായിട്ടില്ല-ചെലവ് തടസ്സപ്പെടുത്തുന്നു- രൂപ 3,60,407/-

| | |
|---|---|
| പദ്ധതി | 206/24 പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ വാട്ടർ എ റ്റി എം സ്ഥാപിക്കൽ(സ്പിൽ ഓവർ) |
| അടങ്കൽ | 3,60,699<br>(ധനകാര്യ കമ്മീഷൻ അവാർഡ് ) |
| ചെലവ് | 3,60,407 |
| ബിൽ നമ്പർ | 98/22.6.23 - 2,76,000<br>18/25.5.23- 36,000<br>60/30.5.23 48,407 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ ഒ (സർക്കിൾ 2) |

2022-23 വർഷത്തിൽ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ 5 വാട്ടർ എ.റ്റി.എമ്മുകൾ സ്ഥാപിക്കുന്നതിലേക്കായി തയ്യാറാക്കിയ ടി പ്രോജക്ട് പ്രകാരം, 2022-23 വർഷത്തിൽ ഇ-ടെണ്ടർ ക്ഷണിക്കുകയും, ടൈടെക്ക് ട്രേഡേഴ്സ് എന്ന സ്ഥാപനത്തിന് യൂണിറ്റൊന്നിന് 1,38,000/- രൂപ നിരക്കിൽ 5 വാട്ടർ എ.ടി.എമ്മുകൾ സ്ഥാപിക്കാൻ (ആകെ 6,90,000/-) രൂപ കരാർ നൽകുകയും ചെയ്തിരുന്നു. ഇതിൻ പ്രകാരം 3 വാട്ടർ ATM കൾ മുൻവർഷം സ്ഥാപിക്കുകയും 4,14,000/- രൂപ സ്ഥാപനത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. തൻ വർഷം 2 വാട്ടർ ATM കൾ സ്ഥാപിക്കാനായിട്ടാണ് പദ്ധതി സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയത്. ഇതിൻ പ്രകാരം സ്ഥാപനത്തിന് നൽകേണ്ട 2,76,000/- രൂപയ്ക്ക് പുറമേ 84,407/- രൂപ പ്ലംബിംഗ്/ഇലക്ട്രിഫിക്കേഷൻ ജോലികൾക്കായും ചെലവിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്ലംബിംഗ്/ഇലക്ട്രിഫിക്കേഷൻ ജോലികൾക്കായി ചെലവിട്ട 84,407/- രൂപയുടെ ചെലവ് വിവരങ്ങൾ/രേഖകൾ

എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2) തൻവർഷം ലഭിച്ച് രണ്ട് വാട്ടർ ATM കൾ സ്ഥാപിക്കാതെ പഞ്ചായത്തിലെ വ്യാപാര ഭവൻ കെട്ടിടത്തിൽ വെറുതെ സൂക്ഷിച്ചിരിക്കുന്നു.

3) വാങ്ങലുമായി ബന്ധപ്പെട്ട പ്രൊക്യുർമെന്റ് കമ്മിറ്റി മിനിട്സ് ലഭ്യമാക്കിയിട്ടില്ല.

4)ടൈടെക് ട്രേഡേഴ്സ് ഒപ്പിട്ട കരാറിൽ പൂർണമായ രേഖപ്പെടുത്തലുകൾ ഇല്ല.

5)ഈ പദ്ധതിയുടെ ടെണ്ടറിനോടൊപ്പം ടൈടെക് ട്രേഡേഴ്സ് സമർപ്പിച്ചിട്ടുള്ള ടേംസ് & കണ്ടിഷൻസിൽ ഇൻസ്റ്റാൾ ചെയ്ത തീയതി മുതൽ 1 വർഷത്തെ വാറണ്ടി, വാറണ്ടി കാലയളവിൽ 3 സൗജന്യ സർവ്വീസ് എന്നിവ വാഗ്ദാനം ചെയ്തിരുന്നു. ഇൻസ്റ്റാൾ ചെയ്ത ശേഷം ഈ സംവിധാനം സർവ്വീസ് ചെയ്തിട്ടില്ല.

6)കോയിൻ സംവിധാനത്തിലൂടെ കോയിൻ ഇട്ട് വെള്ളം ലഭിക്കുന്ന ഈ സംവിധാനം വഴി ലഭിക്കുന്ന വരുമാനം വി ഇ ഒ ശേഖരിച്ച് പഞ്ചായത്തിൽ ഒടുക്കുന്നതായി അറിയിച്ചിട്ടുണ്ട്. വാർഷിക ധനകാര്യ പത്രിക പ്രകാരം ഈ ഇനത്തിൽ 2023-24 ൽ ആകെ 370/- രൂപ വരവ് വന്നിട്ടുണ്ട്. ഓരോ വാട്ടർ എ.റ്റി.എം ൽ നിന്നുള്ള വരവ് പ്രത്യേകമായി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ മേൽനോട്ട പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനായി വി.ഇ.ഒ യെ ചുമതലപ്പെടുത്തിയിട്ടുള്ളതിന്റെ വിവരങ്ങൾ ലഭ്യമല്ല.

7) വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പദ്ധതി നിർവ്വഹണം ചർച്ച ചെയ്തിട്ടില്ല. പദ്ധതിയുടെ മോണിറ്ററിംഗ് നിർവ്വഹിച്ചിട്ടില്ല.

8) മുൻവർഷം സ്ഥാപിച്ച 3 വാട്ടർ ATM കളിൽ മലയം ശിവക്ഷേത്രത്തിന് സമീപം സ്ഥാപിച്ചവ ഒഴികെയുള്ളവ പ്രവർത്തന രഹിതമാണെന്ന് ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ കാണുകയുണ്ടായി.

അപാകതകൾ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 29/18.11.2024 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ആവശ്യകത മനസ്സിലാക്കാതെയും ശുചിത്വം കുടിവെള്ളം വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്യാതെയും നടപ്പിലാക്കിയ പദ്ധതി ചെലവ് പാഴ്ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു. ഗ്രാമപഞ്ചായത്തിന്റെ ആവശ്യകത , പദ്ധതിയുടെ പ്രായോഗികത എന്നിവ കണക്കിലെടുക്കാതെയാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ കണക്കിലെടുത്തു മാത്രം പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുമാണ്. കൂടാതെ ഇൻസ്റ്റാൾ ചെയ്തിട്ടും കാര്യക്ഷമമായി പ്രവർത്തിക്കാത്തതും സ്ഥാപിച്ചിട്ടില്ലാത്തതുമായ വാട്ടർ എ.ടി.എം സംബന്ധിച്ച് സ്വീകരിക്കേണ്ട തുടർനടപടികൾ ഭരണസമിതിയിൽ ചർച്ച ചെയ്ത് ഉചിതമായ തീരുമാനം കൈകൊള്ളേണ്ടതും തുടർ നടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

മേൽപ്പറഞ്ഞ കാരണങ്ങളാൽ തൻവർഷം ടി പദ്ധതിയ്ക്കായി ചെലവിട്ട 3,60,407/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**ഇൻസ്റ്റാൾ ചെയ്യാതെ സൂക്ഷിച്ചിരിക്കുന്ന രണ്ട് വാട്ടർ ATM.**



**1-19 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ (സർക്കിൾ I) സ്റ്റോക്ക് രജിസ്റ്റർ പരിപാലനം തൃപ്തികരമല്ല.**

2023-24 സാമ്പത്തിക വർഷം വിളവൂർക്കൽ ഗ്രാമപഞ്ചായത്തിലെ വി. ഇ ഒ (സർക്കിൾ 1) നിർവ്വഹിച്ച വിവിധ

പദ്ധതികളിലായി വാട്ടർ എ.റ്റി.എം, യൂണിഫോം, സുരക്ഷാ ഉപകരണങ്ങൾ, ഇനോകുലം, കിച്ചൻബിൻ, മോസ്കിറ്റോ ഫ്രീ ബയോഗ്യാസ് പ്ലാന്റ് എന്നീ വാങ്ങലുകൾ നടത്തിയിട്ടുണ്ട്. പദ്ധതികൾ പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ഓഡിറ്റ് അന്വേഷണം നമ്പർ 29/18.11.2024 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ഇത് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല. രജിസ്റ്ററിലെ പേജ് നമ്പറുകളുടെ എണ്ണം സാക്ഷ്യപ്പെടുത്തിയിട്ടില്ല. ലഭ്യമാക്കിയ രജിസ്റ്ററിൽ 1 മുതൽ 6 വരെയുള്ള പേജുകൾ ഉൾപ്പെട്ടിട്ടില്ല. രജിസ്റ്ററിൽ വാട്ടർ എറ്റിഎം വാങ്ങിയതിന്റെ സ്റ്റോക്ക് വിവരങ്ങൾ മാത്രമാണുള്ളത്. വി.ഇ.ഒ നടപ്പിലാക്കിയ ഹരിതകർമ്മസേനയ്ക്ക് യൂണിഫോം വാങ്ങൽ(267/24), കിച്ചൻബിൻ (204/24), ഇനോകുലം വാങ്ങൽ (200/24) തുടങ്ങിയ പദ്ധതികൾ പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല.അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-20 വി.ഇ.ഒ (സർക്കിൾ 2)കൈപ്പറ്റിയ രസീത് ബുക്ക് പ്രകാരമുള്ള പണം പിരിക്കൽ-അപാകതകൾ

വിളവൂർക്കൽ ഗ്രാമ പഞ്ചായത്തിലെ 2023 -24 ലെ രസീത് ബുക്ക് സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം വി ഇ ഒ(സർക്കിൾ 2) 16276,16278,16279, 16280,16283, 16277,16268, 276,285 എന്നീ നമ്പർ രസീത് ബുക്കുകൾ കൈപ്പറ്റിയിട്ടുണ്ട് .2023-24 വർഷം വി.ഇ.ഒ നിർവ്വഹിച്ചതും ഗുണഭോക്തൃവിഹിതം ഉൾപ്പെട്ടതുമായ ഇനോകുലം വാങ്ങൽ (പ്രോജക്ട് നമ്പർ 200/24), കിച്ചൻ ബിൻ (പ്രോജക്ട് നമ്പർ204/24) എന്നീ പദ്ധതികൾക്കായി ഗുണഭോക്തൃ വിഹിതം പിരിച്ചതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 29 /18.11.2024 പ്രകാരം ലഭ്യമാക്കിയ രസീത് ബുക്കുകൾ, കളക്ഷൻ രജിസ്റ്റർ എന്നിവയുടെ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.
എ) ലഭ്യമാക്കിയ രസീതുകളിൽ 16276, 16278, 16279, 16280, 16283, 16277 എന്നിവയിൽ തുക പിരിച്ചെടുത്ത തീയതി രേഖപ്പെടുത്തിയിട്ടില്ല. ലഭ്യമാക്കിയ കളക്ഷൻ രജിസ്റ്ററിൽ രസീത് ബുക്ക് നമ്പർ, രസീത് നമ്പർ, ഗുണഭോക്താക്കളിൽ നിന്നും പണം സ്വീകരിച്ച തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ 2023-24 വർഷത്തിൽ ഈ രസീത് ബുക്കുകൾ പ്രകാരം ലഭിച്ച വരവ് കണക്കാക്കാൻ സാധിച്ചിട്ടില്ല.
ബി) 16276 നമ്പർ രസീത് ബുക്കിലെ രസീത് നമ്പർ 8 ക്യാൻസൽ ചെയ്തിരിക്കുന്നു. എന്നാൽ ഈ രസീതിന്റെ കൗണ്ടർഫോയിൽ രസീത് ബുക്കിൽ സൂക്ഷിച്ചിട്ടില്ല.
അപാകതകൾ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 31/19.11.24 പ്രകാരം നിർവ്വഹണോദ്യോഗസ്ഥനെ അറിയിച്ചുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-21 ലൈഫ് ഭവന പദ്ധതി ഒന്നാം ഗഡു കൈപറ്റിയിട്ടും വീടു പണി നാളിതുവരെ ആരംഭിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ ലൈഫ് ഭവനപദ്ധതിക്കായി 13,99,20,000/- രൂപ അടങ്കൽ വച്ച് 3 പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട് (പ്രോജക്ട് നമ്പർ 31/24, 202/24, 62/24). ഇതിൽ വി.ഇ.ഒ (സർക്കിൾ1) 62/24 നമ്പർ പദ്ധതിയും, വി.ഇ.ഒ (സർക്കിൾ 2)31/24, 202/24 എന്നീ നമ്പരുകളിലെ പദ്ധതികളും നടപ്പിലാക്കി. ലൈഫ് ഭവനപദ്ധതി പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾ 2023-24 ൽ ഒന്നാം ഗഡു കൈപറ്റിയിട്ടും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതായി അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം 8/12.11.24, 33/19.11.24). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി വിവരം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക/തീയതി | നിർവ്വഹണ ഉദ്യോഗസ്ഥൻ | ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|---|
| 1 | ലൈഫ് ജനറൽ | ശാന്തകുമാരി | 40,000/ 15.12.2023 | വി.ഇ.ഒ (സർക്കിൾ 1) | നിർമ്മാണം ഉടൻ ആരംഭിക്കുമെന്ന് അറിയിച്ചിട്ടുണ്ട് |
| 2 | ലൈഫ് ജനറൽ | ബിന്ദു സി എൽ | 1,00,000/ 1.3.2024 | വി.ഇ.ഒ (സർക്കിൾ 1) | നിർമ്മാണം ഉടൻ ആരംഭിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. |
| 3 | ലൈഫ് എസ് സി പി | ശ്രീകല വി | 40,000/ 11.12.2023 | വി.ഇ.ഒ (സർക്കിൾ 2) | ഭവന നിർമ്മാണം ആരംഭിക്കാത്തതിന് കാരണം അറിയിച്ചിട്ടില്ല. |

ക്രമ നമ്പർ 2 പ്രകാരമുള്ള വ്യക്തിക്ക് ഒന്നാം ഗഡുവായി 40,000/-രൂപ നൽകുന്നതിന് പകരം 1,00,000/- രൂപ (ബിൽ നമ്പർ 589/1.3.24) തുക നൽകിയിട്ടുണ്ട്. അധിക തുക നൽകിയതിന് കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 33/19.11.2024 നുള്ള മറുപടിയിൽ എഗ്രിമെന്റ് വച്ച ശേഷം പ്ലാൻ ഫണ്ടിൽ തുകയില്ലാത്തതിനാൽ സംസ്ഥാന വിഹിതത്തിൽ നിന്നും തുക നൽകിയതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ഒന്നാം ഗഡുവായി 1,00,000/- നൽകിയതിന് കാരണം വ്യക്തമല്ല. കൂടാതെ ലൈഫ് ഭവന പദ്ധതി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താക്കൾ ആദ്യ ഗഡു കൈപ്പറ്റി 6 മാസത്തിനുള്ളിൽ ഭവനനിർമ്മാണം പൂർത്തിയാക്കേണ്ടിയിരുന്നു. ഈ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാത്ത പക്ഷം പദ്ധതി മാർഗരേഖ, കരാർ വ്യവസ്ഥ എന്നിവ

പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**1-22 വി. ഇ. ഒ സർക്കിൾ 2 നിർവ്വഹിച്ച പദ്ധതികൾ - ആനുകൂല്യങ്ങളുടെ വിതരണ രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല- 61,40,000/-രൂപ തടസ്സപ്പെടുത്തുന്നു.**

2023-24 ൽ വി.ഇ.ഒ. (സർക്കിൾ 2) 26 പദ്ധതികൾ നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ ടി പദ്ധതിയുടെ ആനുകൂല്യ വിതരണവുമായി ബന്ധപ്പെട്ട പൂർണമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയ പദ്ധതി ഫയലുകൾ പരിശോധിച്ചത് പ്രകാരം താഴെ പറയുന്ന പദ്ധതികളുടെ ആനുകൂല്യം വിതരണം ചെയ്ത രജിസ്റ്ററുകളിൽ ചെലവുമായി ബന്ധപ്പെട്ട ബിൽ റഫറൻസ് നമ്പർ, ബിൽ തീയതി, ഫണ്ടിനം, വിതരണം ചെയ്ത ഗഡു എന്നിവ രേഖപ്പെടുത്തിയിട്ടില്ല.ആയതിനാൽ വിവിധ ബില്ലുകൾ പ്രകാരം പിൻവലിച്ച തുകകളുടെ വിതരണത്തിലെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

| പ്രോജക്ട് നമ്പർ | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ബിൽ നം. |
|---|---|---|---|
| കക്കൂസ് നിർമ്മണം<br>49/24, | 5,99,000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്-<br>1,99,000/കേന്ദ്രാവിഷ്കൃത ഫണ്ട് 4,00,000/-) | 1,80,000<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 24,000/-<br>കേന്ദ്രാവിഷ്കൃത ഫണ്ട് 1,56,000/-) | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-<br>ബിൽ നം.538/14.2.24 – 12000/-<br>566/29.2.24 – 12000/-<br>കേന്ദ്രാവിഷ്കൃത ഫണ്ട്<br>235/18.9.23 – 12,000/-<br>258/23.9.23 – 12,000/-<br>254/23.9.23 – 24,000/-<br>280/10.10.23 – 12,000/-<br>284/10.10.23 – 12,000/-<br>317/1.11.23 – 12,000/-<br>338/13.11.23 – 12,000/-<br>362/21.11.23 – 12,000/-<br>417/15.12.23 – 12,000/-<br>422/15.12.23 – 12,000/-<br>420/15.12.23 – 12,000/-<br>858/27.3.24 - 12,000/- |
| ടോയലറ്റ്നിർമ്മാണം<br>201/24(spill Over) | 264000<br>(കേന്ദ്രാവിഷ്കൃത ഫണ്ട്) | 36000 | 10/22.5.23 – 24,000/-<br>150/14.7.23 - 12,000/- |
| വ്യക്തിഗത ശൗചാലയം<br>197/24 | 174000<br>(കേന്ദ്രാവിഷ്കൃത ഫണ്ട്) | 24000 | 62/30.5.23 - 24,000/- |
| ലൈഫ് ഭവന പദ്ധതി<br>31/24 | 5,98,00,000<br>(വികസന ഫണ്ട് (ജനറൽ-2,90,000<br>എസ്.സി.പി -15,10,000)<br>സംസ്ഥാനാവിഷ്കൃത ഫണ്ട്-3,70,00,000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം-70,00,000<br>ജില്ലാ പഞ്ചായത്ത് വിഹിതം-70,00,000 | 21,20000<br>[വികസന ഫണ്ട് (എസ്.സി.പി ) 14,40,000<br>ലോൺ-6,80,000] | വികസന ഫണ്ട് (എസ്.സി.പി<br>6/18.5.23 -9,00,000<br>7/18.5.23 -40,000/-<br>39/26.5.23 -1,00,000/-<br>50/29.5.23- 1,60,000/-<br>381/8.12.23-1,40,000/-<br>386/8.12.23 -60,000/-<br>402/11.12.23- 40,000/- |

| | | | |
|---|---|---|---|
| | ലോൺ-70,00,000) | | ലോൺ-<br>585/1.3.24-6,80,000/- |
| ലൈഫ് ഭവന പദ്ധതി<br>202/24(സ്പിൽ ഓവർ) | 12120000<br>വികസന ഫണ്ട് (ജനറൽ-1,20,000<br>എസ്.സി.പി -4,80,000/-)<br>സംസ്ഥാനാവിഷ്കൃത ഫണ്ട്-32,00,000/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം-6,40,000/-<br>ജില്ലാ പഞ്ചായത്ത് വിഹിതം-6,40,000/-<br>ലോൺ-70,40,000/- | 2700000<br>വികസന ഫണ്ട് (ജനറൽ-1,20,000<br>എസ്.സി.പി-4,80,000 )<br>സംസ്ഥാനാവിഷ്കൃത ഫണ്ട്-4,00,000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം-3,60,000<br>ജില്ലാ പഞ്ചായത്ത് വിഹിതം-5,60,000/-<br>ലോൺ-7,80,000/- | വികസന ഫണ്ട് (ജനറൽ)<br>84/12.6.23- 40,000/-<br>85/12.6.24 -60,000/-<br>66/30.5.23 -20,000/-<br>(എസ്.സി.പി)<br>54/29.5.23 – 40,000/-<br>55/29.5.23 -1.60,000/-<br>63/30.5.23 -40,000/-<br>64/30.5.23 -1,60,000/-<br>65/30.5.23 -80,000/-<br>സംസ്ഥാനാവിഷ്കൃത ഫണ്ട്-<br>295/17.10.23-400000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം-<br>115/27.6.23 - 1,00000/-<br>117/27.6.23-1,00000/-<br>118/27.6.23-1,60,000/-<br>ജില്ലാ പഞ്ചായത്ത് വിഹിതം-<br>123/27.6.23-2,60,000/-<br>141/6.7.23- 1,00,000/-<br>170/29.7.23-1,00,000/-<br>192/8.8.23- 1,00,000/-<br>ലോൺ-<br>294/17.10.23- 7,80,000/- |
| 34/24ഭവനപുനരുദ്ധാരണം | 1425000<br>വികസന ഫണ്ട് (ജനറൽ-75,000<br>എസ്.സി.പി -11,43,000)<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് -25,000/-<br>തനത് ഫണ്ട്<br>1,82,000 | 9,95,000<br>വികസന ഫണ്ട് (SCP)<br>9,70,000<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് -25,000/- | വികസന ഫണ്ട്(എസ് സിപി)<br>165/26.7.23-30,000/-<br>176/31.7.23 -30,000/-<br>194/8.8.23-30,000/-<br>201/14.8.23-50,000/-<br>250/23.9.23-25,000/-<br>319/6.11.23 -50,000/-<br>320/6.11.23 -45,000/-<br>321/6.11.2023-50,000/-<br>337/13.11.23-1,50,000/- |

| | | | |
|---|---|---|---|
| | | | 382/8.12,2023-45,000/-<br>383/8.12,23-25,000/-<br>384/8.12.23-50,000/-<br>403/11.12.2023-95,000/-<br>421/15.12.23-25,000/-<br>449/1.1,24-50,000/-<br>485/25.1.24- 50,000/-<br>833/24.3.24-70,000/-<br>781/24.3.24-50,000/-<br>834/24.3.24 -50,000/-<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് -<br>577/29.2.24- 25,000/- |
| 212/24ടോയ്‌ലറ്റ് മെയിന്റനൻസ് | 5,45,000(സംസ്ഥാനാവിഷ്കൃത ഫണ്ട്) | 85,000 | 37/26.5.2023 -10,000/-<br>38/26.5.2023-5,000/-<br>86/12.6.23- 10,000/-<br>140/6.7.23-5,000/-<br>159/22.7.23- 5,000/-<br>171/29.7.23- 5,000/-<br>180/5.8.23- 5,000/-<br>184/5.8.23 -5,000/-<br>216/24.8.23-10,000/-<br>219/25.8.23 -10,000/-<br>441/1.1.24 -5,000/-<br>462/6.1.24-5,000/-<br>548/14.2.24 -5,000/- |

അപാകതകൾ ഓഡിറ്റ് അന്വേഷണം (29/18.11.2024) മുഖാന്തിരം നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ആനുകൂല്യങ്ങളുടെ വിതരണത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല. മോണിറ്ററിംഗ് സമിതി പദ്ധതി മോണിറ്ററിംഗ് നിർവ്വഹിച്ചതിന്റെ വിവരങ്ങൾ ഇല്ല. പദ്ധതി മോണിറ്റർ ചെയ്ത്, പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ട് എന്ന് വർക്കിംഗ് ഗ്രൂപ്പ് വിലയിരുത്തേണ്ടതാണ്. ഈ വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധക്ഷണിക്കുന്നു. വിതരണരേഖകളുടെ അഭാവത്തിൽ മേൽ പദ്ധതികൾക്കായി ചെലവഴിച്ച 61,40,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിതരണരേഖകൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-23 വി.ഇ ഒ (സർക്കിൾ 2) നിർവ്വഹിച്ച പദ്ധതികൾ - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല - 12,87,474/- രൂപ തടസ്സപ്പെടുത്തുന്നു.**

2023-24 വർഷം വി.ഇ.ഒ (സർക്കിൾ 2) 26 പദ്ധതികൾ നിർവ്വഹിച്ചിട്ടുണ്ട്. ഇതിൽ താഴെ പറയുന്ന പദ്ധതികളുടെ നിർവ്വഹണത്തിനായി ചെലവഴിച്ച തുകയ്ക്ക് അനുബന്ധ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| പ്രോജക്ട് വിവരം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ബിൽ നമ്പർ/തുക | തുക നൽകിയത് | ലഭ്യമാക്കാത്ത രേഖകൾ |
|---|---|---|---|---|---|
| ലെഗസി വേസ്റ്റ് | 80,000 | 77,196 | 142/6.7.23-70,936/- | ക്ലീൻ കേരള | ചെലവുകൾക്ക് |

| | | | | | |
|---|---|---|---|---|---|
| 208/24 | (വികസന ഫണ്ട്) | (വികസന ഫണ്ട്) | 419/15.12.23-3,130/-<br>182/5.8.23- 3,130 | കമ്പനി | അനുബന്ധമായ വൗച്ചറുകൾ, ബില്ലുകൾ |
| ലെഗസി വേസ്റ്റ് 129/24 | 3,00,000<br>(വികസന ഫണ്ട് 1,00,000 + ധനകാര്യകമ്മീഷൻ ഗ്രാന്റ് – 2,00,000) | 77,040 (വികസനഫണ്ട്) | ബിൽ നമ്പർ<br>157/22.7.23-41,620/-<br>195/8.8.23-31,360<br>840/24.3.24-4,060 | ക്ലീൻ കേരള കമ്പനി 45680/-<br>വിശാഖ് എസ് -31360/- | ചെലവുകൾക്ക് അനുബന്ധമായ വൗച്ചറുകൾ, ബില്ലുകൾ |
| സീറോ വേസ്റ്റ് മാനേജ്മെന്റ് 254/24 | 15,12,721<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 92,489 | 455/15.12.23-889<br>530/1.1.24-5,000<br>678/7.3.24-500<br>681/7.3.24-1,500<br>700/13.3.24-73,600<br>701/13.3.24-9,000<br>946/26.3.24-2,000 | ജിഷിമോൾ-5,000<br>ജോയ്- 9,000/-<br>ബിനു- 73,600/-<br>വി.ഇ.ഒ-4,889 | ചെലവ് തുകയ്ക്ക് അനുബന്ധ വൗച്ചറുകൾ, ബില്ലുകൾ |
| ഇനോകുലം വാങ്ങൽ 200/24 | 3,15,302 (ഗുണഭോക്തൃ വിഹിതം 2,09,520+ സംസ്ഥാനാവിഷ്കൃത ഫണ്ട്-1,05,782) | 31,163 (ഗുണഭോക്തൃ വിഹിതം) | വൗച്ചർ നമ്പർ<br>823/5.2.24-20,000<br>1032/28.3.24-11,163 | ഗ്രീൻ വില്ലേജ് | ചെലവിനാധാരമായ ബില്ലുകൾ വൗച്ചറുകൾ, ടെണ്ടർ വിശദാംശങ്ങൾ മറ്റ് അനുബന്ധരേഖകൾ, സ്റ്റോക്ക് വിവരങ്ങൾ |
| 267/24 ഹരിത കർമ്മസേന അംഗങ്ങൾക്ക് യൂണിഫോം നൽകൽ | 1,00,199 (സംസ്ഥാനാവിഷ്കൃത ഫണ്ട് 1,00,000+ ധനകാര്യകമ്മീഷൻ ഗ്രാന്റ് -199) | 54,390 (സംസ്ഥാനാവിഷ്കൃത ഫണ്ട്) | 777/24.3.24-54,390 | ലഭ്യമല്ല | പദ്ധതി ഫയലുകൾ, സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലുകൾ, സ്റ്റോക്ക്, വിതരണ രജിസ്റ്റർ |
| 210/24 ഹരിത കർമ്മസേന സഹായ സംഘം | 1,79,195(CFC) | 1,79,152(CFC) | 20/25.5.23-28,333<br>61/30.5.23-28,333<br>83/12.6.23-600<br>99/22.6.23-1,900<br>100/22.6.23-3,500<br>104/22.6.23-5,000<br>103/22.6.23-7,500<br>106/22.6.23-17,500<br>129/30.6.23-28,333<br>139/6.7.23-41,550<br>259/22.9.23-1,198<br>257/22.9.23-8,750<br>291/17.10.23-1,280<br>293/17.10.23-2,000<br>302/25.10.23-3,375 | ലഭ്യമല്ല | പദ്ധതി ഫയലുകൾ ലഭ്യമാക്കിയിട്ടില്ല |
| 207/24 ഹരിത കർമ്മസേന ശക്തിപ്പെടുത്തൽ (സ്പിൽഓവർ) | 1,99,770 (CFC) | 1,82,825 | 9/22.5.23-86,750<br>19/25.5.23-23,500<br>121/27.6.23-3,780<br>113/27.6.23-9,000 | ലഭ്യമല്ല | പദ്ധതി ഫയലുകൾ ലഭ്യമാക്കിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | | | 114/27.6.23-1,700<br>174/29.7.23-2,060<br>172/29.7.23-250<br>187/5.8.23-625<br>191/8.8.23-2,500<br>198/10.8.23-9,000<br>224/12.9.23-800<br>316/1.1.23-1,010<br>407/12.12.23-17,520<br>438/1.1.24-9,000<br>460/16.1.24-15,330 | | |
| 126/24 ഹരിത സഹായി | 3,00,000 (CFC) | 2,54,997 | 366/28.11.23-2,26,664<br>856/26.3.24-28,333 | ലഭ്യമല്ല | പദ്ധതി ഫയലുകൾ |
| 205/24 റെട്രോ ഫിറ്റിംഗ് ടോയ്‌ലറ്റ് (സ്പിൽഓവർ) | 3,65,000 (സംസ്ഥാനാവിഷ്കൃത ഫണ്ട്) | 5,000 | 560/21.2.2024-5,000 | ലഭ്യമല്ല | പദ്ധതി ഫയലുകൾ |
| 204/24 കിച്ചൻ ബിൻ (സ്പിൽഓവർ) | 1,44,936 (ഗുണഭോക്തൃ വിഹിതം) | 70,432 | വൗച്ചർ നമ്പർ 528/25.10.23-70,432 | ഗ്രീൻ വില്ലേജ് | ചെലവിനാധാരമായ ബില്ലുകൾ വൗച്ചറുകൾ, ടെണ്ടർ വിശദാംശങ്ങൾ മറ്റ് അനുബന്ധരേഖകൾ, സ്റ്റോക്ക്, വിതരണ വിവരങ്ങൾ |
| 128/24 ഐഇസി (സ്പിൽഓവർ) | 2,00,000 (CFC) | 1,95,150 | 671/18.3.24-9,000<br>631/13.3.24-1,35,850<br>635/14.3.24-50,300 | വിവരങ്ങൾ ലഭ്യമല്ല | പദ്ധതി ചെലവിന് അനുബന്ധമായ വൗച്ചറുകൾ |
| 122/24 ഹരിതകേരളം ഹരിത കർമ്മസേന പ്രവർത്തനങ്ങൾ | 3,00,000 (CFC) | 67,640 | 517/2.2.24-16,790<br>588/1.3.24-16,060<br>774/24.3.24-18,000<br>881/30.3.24-16,790 | വിവരങ്ങൾ ലഭ്യമല്ല | പദ്ധതി ചെലവിന് അനുബന്ധമായ വൗച്ചറുകൾ |
| **ആകെ ചെലവഴിച്ച തുക** | | **12,87,474** | | | |

ഓഡിറ്റ് അന്വേഷണം നം. 29/18.11.2024 മുഖാന്തിരം ചെലവ് രേഖകൾ ആവശ്യപ്പെട്ടുവെങ്കിലും ചെലവിനെ സാധൂകരിക്കുന്ന തരത്തിൽ ബില്ലുകളോ വൗച്ചറുകളോ പദ്ധതി ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ചെലവിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല. വി.ഇ.ഒ നിർവ്വഹിച്ച മേൽ പട്ടിക പ്രകാരമുള്ള പദ്ധതികളുടെ ചെലവായ 12,87,474/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-24 ഒരേ പഠിതാവ് തന്നെ പത്താം തരം തുല്യതയ്ക്കും ഹയർസെക്കന്ററി തുല്യതയ്ക്കും രജിസ്റ്റർ ചെയ്തിരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 118/2024 |
| പ്രോജക്ടിന്റെ പേര് | തുടർ സാക്ഷരത |
| പദ്ധതി അടങ്കൽ | 1,00,000 – ധനകാര്യ കമ്മീഷൻ അവാർഡ് |
| പദ്ധതിചെലവ് | 96,500 |
| ബിൽ നമ്പർ | 2/7.3.24- 57,500/- |

| | |
|---|---|
| | 3/7.3.24-39,000/- |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

പദ്ധതി പ്രകാരം 20 പഠിതാക്കാൾക്ക് പത്താം തരം തുല്യത പരീക്ഷക്ക് രജിസ്റ്റർ ചെയ്യുന്നതിലേക്കായി 39,000/- രൂപയും (20*1950), 25 പഠിതാക്കൾക്ക് ഹയർസെക്കന്ററി തുല്യതാ പരീക്ഷക്ക് രജിസ്റ്റർ ചെയ്യുന്നതിലേക്കായി 57,500/- രൂപയും (25*2300) കേരള സംസ്ഥാന സാക്ഷരത മിഷന് നൽകിയിട്ടുണ്ട്, കേരള സംസ്ഥാന സാക്ഷരത മിഷനിൽ നിന്നും പ്രസ്തുത തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. പദ്ധതി ഫയൽ പരിശോധിച്ചതിൽ ശ്രീമതി വിഷ്ണുപ്രിയ വെളിയംകോട്, മാറനല്ലൂർ എന്ന പഠിതാവ് ഒരേ സമയം തന്നെ പത്താം തരം തുല്യതയും ഹയർസെക്കന്ററിതല തുല്യതയും രജിസ്റ്റർ ചെയ്തിട്ടുണ്ട്. (പത്താം തരം തുല്യത അപേക്ഷ നമ്പർ 482087/10/01/23, ഹയർ സെക്കന്ററി തുല്യത അപേക്ഷ നമ്പർ 492244/12/01/23). ഒരേ സമയം രണ്ട് കോഴ്സിനും രജിസ്റ്റർ ചെയ്തതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 9/12.11.2024 നുള്ള മറുപടിയിൽ ടിയാൾ പത്താം തരം തുല്യതക്കാണ് രജിസ്റ്റർ ചെയ്തതെന്ന് അറിയിച്ചിട്ടുണ്ട്. ഹയർസെക്കൻഡറി തുല്യതക്ക് രജിസ്റ്റർ ചെയ്യാതെ ടിയാൾക്ക് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായത് എപ്രകാരമാണെന്ന് വ്യക്തമല്ല. സാക്ഷരതമിഷനിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രത്തിൽ പഠിതാവിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ മറുപടിയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. ടിയാളുടെ ഹയർ സെക്കന്ററി തുല്യത പരീക്ഷക്കുള്ള അപേക്ഷ പരിശോധിച്ചത് പ്രകാരം 2004 ൽ ടിയാൾ പത്താം ക്ലാസ് പാസ്സായതായി രേഖപ്പെടുത്തിയിട്ടുണ്ട് (രജിസ്റ്റർ നമ്പർ 231419). മറുപടിയിന്മേൽ വ്യക്തത വരുത്തേണ്ടതും 2023-24 വർഷം വിളവൂർക്കൽ ഗ്രാമപഞ്ചായത്തിലെ പത്താംക്ലാസ് തുല്യത, ഹയർസെക്കൻഡറി തുല്യത എന്നിവയ്ക്ക് രജിസ്റ്റർ ചെയ്തവരുടെ ലിസ്റ്റും മേൽ പരാമർശിച്ച അപാകതയ്ക്ക് വിശദീകരണവും സാക്ഷരതമിഷനിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

## 1-25 തുടർ സാക്ഷരത – പഞ്ചായത്തിന് പുറത്തുള്ള പഠിതാക്കൾക്ക് വേണ്ടി കോഴ്സ് ഫീസ് അടച്ചു

| | |
|---|---|
| പ്രോജക്ട് നമ്പർ | 118/2024 |
| പ്രോജക്ടിന്റെ പേര് | തുടർ സാക്ഷരത |
| പദ്ധതി അടങ്കൽ | 1,00,000 – ധനകാര്യ കമ്മീഷൻ അവാർഡ് |
| പദ്ധതി ചെലവ് | 96,500 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| ബിൽ നമ്പർ | 2/7.3.24- 57,500/-<br>3/7.3.24-39,000/- |

പദ്ധതി പ്രകാരം 20 പഠിതാക്കാൾക്ക് പത്താം തരം തുല്യത പരീക്ഷക്ക് രജിസ്റ്റർ ചെയ്യുന്നതിലേക്കായി 39,000/- രൂപയും (20*1950), 25 പഠിതാക്കൾക്ക് ഹയർസെക്കന്ററി തുല്യതാ പരീക്ഷക്ക് രജിസ്റ്റർ ചെയ്യുന്നതിലേക്കായി 57,500/- രൂപയും (25*2300) കേരള സംസ്ഥാന സാക്ഷരത മിഷന് നൽകിയിട്ടുണ്ട്, കേരള സംസ്ഥാന സാക്ഷരത മിഷനിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്.പദ്ധതി നിർവ്വഹണം പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾകാണുന്നു

1. പഠിതാക്കളുടെ രജിസ്ട്രേഷൻ വിവരങ്ങൾ പരിശോധിച്ചത് പ്രകാരം മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പഠിതാക്കൾക്ക് വേണ്ടിയും തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ

പത്താം തരം തുല്യത 2023

| പഠിതാവിന്റെ പേര് | തദ്ദേശ സ്വയം ഭരണ സ്ഥാപനം (അപേക്ഷ പ്രകാരം ) |
|---|---|
| വിഷ്ണുപ്രിയ പി | മാറനല്ലൂർ ഗ്രാമ പഞ്ചായത്ത് |
| രമേശ് ആർ എ | മാറനല്ലൂർ ഗ്രാമപഞ്ചായത്ത് |
| ഷെമി. എൻ.എസ് | തിരുവനന്തപുരം കോർപ്പറേഷൻ |
| സ്വപ്ന റ്റി തുളസി | തിരുവനന്തപുരം കോർപ്പറേഷൻ |
| സൗദബീവി എസ് | തിരുവനന്തപുരം കോർപ്പറേഷൻ |
| രാജലക്ഷ്മി എസ് | തിരുവനന്തപുരം കോർപ്പറേഷൻ |
| രാജി. എസ്.ആർ | തിരുവനന്തപുരം കോർപ്പറേഷൻ |
| ലക്ഷ്മി എസ് | വിളപ്പിൽ ഗ്രാമ പഞ്ചായത്ത് |
| സാജു ബി | വിളപ്പിൽ ഗ്രാമ പഞ്ചായത്ത് |

| | |
|---|---|
| ലക്ഷ്മി എസ് | വിളപ്പിൽ ഗ്രാമ പഞ്ചായത്ത് |
| അശ്വതി കെ.എസ് | മലയിൻകീഴ് ഗ്രാമപഞ്ചായത്ത് |
| ഗീതാകുമാരി ആർ | മലയിൻകീഴ് ഗ്രാമപഞ്ചായത്ത് |
| പ്രീത എസ് ആർ | കരകുളം ഗ്രാമപഞ്ചായത്ത് |

ഹയർസെക്കന്ററി തുല്യത 2023

| | |
|---|---|
| വിഷ്ണുപ്രിയ പി | മാറനല്ലൂർ ഗ്രാമ പഞ്ചായത്ത് |
| സുനിത ബി എൽ | മാറനല്ലൂർ ഗ്രാമപഞ്ചായത്ത് |
| ജിത ജി | മാറനല്ലൂർ ഗ്രാമപഞ്ചായത്ത് |
| സുമയ്യ ഷാജഹാൻ | മാറനല്ലൂർ ഗ്രാമപഞ്ചായത്ത് |
| അനൂപ് ആർ പി | കരകുളം ഗ്രാമപഞ്ചായത്ത് |
| രേഷ്മ പി | തിരുവനന്തപുരം കോർപ്പറേഷൻ |
| ആതിര ആർ വി | തിരുവനന്തപുരം കോർപ്പറേഷൻ |
| വിജയലക്ഷ്മി എസ് വി | തിരുവനന്തപുരം കോർപ്പറേഷൻ |
| യദു വിക്രമൻ | തിരുവനന്തപുരം കോർപ്പറേഷൻ |
| സജ്ജ ജോൺ | തിരുവനന്തപുരം കോർപ്പറേഷൻ |
| ഷർമ്മിള | തിരുവനന്തപുരം കോർപ്പറേഷൻ |
| കിഷോർ കെ | തിരുവനന്തപുരം കോർപ്പറേഷൻ |
| സാംരാജ് | വിളപ്പിൽ ഗ്രാമപഞ്ചായത്ത് |
| മഞ്ജു എസ് | വിളപ്പിൽ ഗ്രാമ പഞ്ചായത്ത് |
| ദിവ്യ എം ആർ | പെരുങ്കടവിള ഗ്രാമപഞ്ചായത്ത് |
| അഖില എ എസ് | വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് |
| സിന്ധു എസ് | പള്ളിച്ചൽ ഗ്രാമ പഞ്ചായത്ത് |
| രജി യു | മലയിൻകീഴ് ഗ്രാമപഞ്ചായത്ത് |

ഈ പഠിതാക്കളുടെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും (പഞ്ചായത്ത്/ ബ്ലോക്ക്/ കോർപ്പറേഷൻ) ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് ഉറപ്പാക്കിയിട്ടുള്ളതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിലെ പഠിതാക്കൾക്ക് വിളവൂർക്കൽ ഗ്രാമപഞ്ചായത്തിൽ നിന്നും ആനുകൂല്യം അനുവദിക്കാനുണ്ടായ സാഹചര്യം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 9/12.11.2024 ന് ലഭ്യമാക്കിയ മറുപടിയോടൊപ്പം ഈ പഠിതാക്കൾ വിളവൂർക്കൽ പഞ്ചായത്തിൽ താമസിക്കുന്നവരാണെന്ന വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പഠിതാക്കളുടെ അപേക്ഷ പ്രകാരം പഠിതാക്കളുടെ നിലവിലെ മേൽവിലാസവും കത്തിടപാടുകൾ നടത്തുന്നതിനുള്ള മേൽവിലാസവും പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്നതല്ല. ഇതേ വ്യക്തികൾക്ക് ഇതേ ആനുകൂല്യം അവരുടെ സ്വന്തം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടില്ല എന്ന് ഉറപ്പാക്കിയിട്ടില്ല. ഈ പഠിതാക്കൾക്ക് വേണ്ടി മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും തുക ചെലവഴിച്ചിട്ടില്ല എന്ന് ഉറപ്പാക്കേണ്ടതാണ്. ഈ പഠിതാക്കൾ ഹാജരായിട്ടുള്ള പഠനക്ലാസ്സുകളുടെ രേഖകൾ, തുല്യത പരീക്ഷ ക്ക് ഹാജരായതിന്റെ വിവരങ്ങൾ എന്നിവ സാക്ഷരത മിഷനിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രയോജനം ആ ഗ്രാമപഞ്ചായത്തിലെ അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്ന തരത്തിലാകേണ്ടതാണ്. ഇക്കാര്യത്തിൽ സാക്ഷരതാ മിഷനിൽ നിന്നും വിശദീകരണം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-26 ഹരിത കർമ്മസേന മാലിന്യ സംസ്കരണം - പ്രവർത്തനാവലോകനം

സമഗ്രവും സുസ്ഥിരവുമായ മാലിന്യം സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹിക്കണമെന്ന് സ.ഉ.(സാധാ)നം.989/23/തസ്വഭവ./തീ. 06.05.2023 നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മാലിന്യ സംസ്കരണത്തിനായി വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കി വരുന്ന പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

മാലിന്യം ഉറവിടത്തിൽ തരം തിരിക്കൽ

പഞ്ചായത്തിലെ 17 വാർഡുകളിൽ നിന്നും 100% വാതിൽപ്പടി ശേഖരണം നടക്കുന്നില്ല. തൻവർഷം 60% കളക്ഷനാണ് നടന്നിട്ടുള്ളത്. ഉറവിടത്തിൽ തന്നെ മാലിന്യം സംസ്കരിക്കുന്നതിനായി 1300 കിച്ചൺ ബിന്നുകൾ നൽകിയിട്ടുണ്ട്. ശുചിത്വമിഷൻ കലണ്ടർ പ്രകാരമാണ് വീട്ടുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നത്. ആശുപത്രിയിൽ നിന്നുള്ള ബയോമെഡിക്കൽ മാലിന്യം ഇമേജ്" എന്ന സ്ഥാപനം വഴിയാണ് നീക്കം ചെയ്യുന്നത്. മിനി എം.സി.എഫ്.-കളിൽ ശഖരിക്കുന്ന പ്ലാസ്റ്റിക്, ലെഗസി മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനികളാണ് കൈമാറുന്നത്. പഞ്ചായത്ത് പരിധിയിൽ "മലയം" സ്കൂളിൽ ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയത് പ്രവർത്തനക്ഷമമല്ല.

പൊതുജനങ്ങളിൽ മാലിന്യ സംസ്കരണത്തെപ്പറ്റി ബോധവൽക്കരണം നടത്തുന്നതിനായി പഞ്ചായത്തിനെ 4 ക്ലസ്റ്ററുകളായി തിരിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. വിശേഷ ദിവസങ്ങളിൽ മാലിന്യം നീക്കം ചെയ്യുന്നതിനായി പ്രത്യേക ഡ്രൈവുകൾ സംഘടിപ്പിക്കുകയും ബോധവൽക്കരണ ക്ലാസ്, മെഡിക്കൽ ക്യാമ്പ് എന്നിവ നടത്തുകയും ചെയ്തിട്ടുണ്ട്.

2. എം.സി.എഫ്. - മിനി എം.സി.എഫ്. നിർമ്മാണവും വിപുലീകരണവും

പഞ്ചായത്തിലെ എല്ലാ വാർഡിലും മിനി എം.സി.എഫ്.-കൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇവിടെ ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ തരം തിരിച്ച് സൂക്ഷിക്കുന്നതിനായി എം.സി.എഫ്. സ്ഥാപിച്ചിട്ടില്ല. മിനി എം.സി.എഫ്.-കൾ നിറഞ്ഞ് കവിഞ്ഞ് ആയതിന് സമീപം മാലിന്യ ചാക്കുകൾ കൂട്ടിയിട്ടിരിക്കുന്നതായി സ്ഥല പരിശോധനയിൽ കാണാൻ കഴിഞ്ഞു. യഥാസമയം മാലിന്യം മിനി എം.സി.എഫ്.-കളിൽ നിന്ന് ക്ലീൻ കേരള കമ്പനി കൊണ്ടുപോകാത്തതാണ് ഇത്തരം അവസ്ഥയ്ക്ക് കാരണമെന്ന് ഹരിത കർമ്മസേന ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥൻ വ്യക്തമാക്കിയിട്ടുണ്ട്. എം.സി.എഫ് സ്ഥാപിക്കുന്നതിന് നാളിതുവരെ സ്ഥലം കണ്ടെത്തിയിട്ടില്ല. സ.ഉ(സാധാ)നം. 2531/23/LSGD തീയതി 20.12.23 പ്രകാരം സ്ഥല പരിമിതിയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെല്ലാം ഭൂമി കണ്ടെത്തി MCF നിർമ്മാണം ആരംഭിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചുന്നുണ്ട്. ആയത് പാലിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതിയും ഉദ്യോഗസ്ഥരും ചേർന്ന് നടപടി സ്വീകരിക്കേണ്ടതാണ്.

3. മാലിന്യക്കൂമ്പാരങ്ങൾ ഇല്ലാതെ വൃത്തിയുള്ള ഇടങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

അസി. സെക്രട്ടറി, ഹെൽത്ത് ഇൻസ്പെക്ടർ, വി.ഇ.ഒ. ഇവരുടെ നേതൃത്വത്തിൽ കടകളിൽ പരിശോധന നടത്തി പ്ലാസിറ്റിക് ക്യാരിബാഗുകൾ പിടിച്ചെടുക്കുകയും മാലിന്യ ചട്ടങ്ങൾ ലംഘിക്കുന്നവർക്ക് നോട്ടീസ് നൽകുകയും ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ 2023-24 വർഷം ഈയിനത്തിൽ പിഴയൊന്നും ഈടാക്കിയിട്ടില്ല. മാലിന്യ സംസ്കരണത്തിനായി വി.ഇ.ഒ.-യുടെ നേതൃത്വത്തിൽ 12 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. രണ്ട് വാർഡുകളിലെ ഹരിത കർമ്മസേന അംഗങ്ങൾക്ക് ഒഴികെ മറ്റെല്ലാവർക്കും 10,000/- രൂപ പ്രതിമാസം പ്രതിഫലം ലഭിക്കുന്നു.

4. ജലസ്രോതസ്സുകളിൽ നിന്നും മാലിന്യം നീക്കം ചെയ്യുന്നതിനായുള്ള പ്രവർത്തനങ്ങൾ

ജലസ്രോതസ്സുകളിൽ നിന്നും മാലിന്യം നീക്കം ചെയ്യുന്നതിന്റെ ഭാഗമായി 4 കുളങ്ങളും 2 തോടുകളും എം.എൻ.ആർ.ഇ.ജി.എസ്. പ്രവൃത്തിയിൽ ഉൾപ്പെടുത്തി വൃത്തിയാക്കിയിട്ടുണ്ട്.

31.03.2023ലെ സ.ഉ.(സാധാ)789/23/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവ് പ്രകാരം ഹരിത കർമ്മസേനയ്ക്ക് യൂസർ ഫീ നൽകുന്നതിൽ കുടിശ്ശിക വരുത്തുന്നവരിൽ നിന്ന് നോട്ടീസ് നൽകി കുടിശ്ശിക വസ്തു നികുതിയായി ഈടാക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ യൂസർ ഫീ കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടിയൊന്നും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. യൂസർ ഫീ കളക്ഷൻ തുകയുടെ ഒടുക്ക്, കൺസോർഷ്യം, വരവ്-ചെലവ് കണക്കുകൾ എന്നിവ എല്ലാ മാസവും വി.ഇ.ഒ. പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നുണ്ട്. നാളിതുവരെ ഹരിത ഓഡിറ്റ് നടത്തുകയോ, ഹരിത കർമ്മസേനയുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല. ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 11.11.2024ലെ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.1/24ന് ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | പഞ്ചായത്തിന്റെ ജനസംഖ്യ | 36420 |
| 2 | വാസഗൃഹങ്ങളുടെ എണ്ണം | 13803 |
| 3 | സ്ഥാപനങ്ങളുടെ എണ്ണം | 360 |
| 4 | പൊതു ചന്തകളുടെ എണ്ണം | 1 |
| 5 | ഓഡിറ്റോറിയങ്ങളുടെ എണ്ണം | 4 |
| 6 | വാർഡുകളുടെ എണ്ണം | 17 |
| 7 | ഹരിത കർമ്മ സേനാംഗങ്ങളുടെ എണ്ണം | 34 |
| 8 | പാഴ്വസ്തുക്കളെടുക്കാൻ കരാറിൽ ഏർപ്പെട്ട സ്ഥാപനം | ക്ലീൻ കേരള കമ്പനി |
| 9 | ഓഡിറ്റ് വർഷം ശേഖരിച്ച മാലിന്യങ്ങളുടെ അളവ് | 13888 കി.ഗ്രാം |

| | | |
|---|---|---|
| 10 | കരാർ സ്ഥാപനത്തിന് തരം തിരിച്ച് നൽകിയ മാലിന്യം | 1000 കി.ഗ്രാം |
| 11 | തരം തിരിക്കാത്ത മാലിന്യത്തിന്റെ അളവ് | 12888 ഗ്രാം |
| 12 | ഓഡിറ്റ് വർഷം ലഭിച്ച യൂസർ ഫീ | 48,00,000/- രൂപ |
| 13 | ഹരിത ചട്ടലംഘനങ്ങളിൽ പിഴ ഈടാക്കിയ തുക | ഇല്ല |
| 14 | മാലിന്യം പാഴ്‌വസ്തുക്കൾ വിറ്റുകിട്ടിയ തുക | 38,350/- രൂപ |
| 15 | ഗ്യാപ് ഫണ്ട് ഇനത്തിൽ ചെലവഴിച്ച തുക | ഇല്ല |
| 16 | ലെഗസി മാലിന്യം ഏറ്റെടുത്ത വകയിൽ നൽകിയ തുക | 1,50,000/- രൂപ |
| 17 | ഹരിത സഹായ സ്ഥാപനം | ഗ്രീൻ വില്ലേജ് |
| 18 | സഹായ സ്ഥാപനത്തിന് നൽകിയ തുക | 2,50,000/- രൂപ |
| 19 | ഹരിത കർമ്മസേനയ്ക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി ചെലവഴിച്ച തുക | 7,39,004/- രൂപ |
| 20 | മിനി എം.സി.എഫ്. | 30 |
| | ആർ.ആർ.എഫ്. | ഇല്ല |
| | എം.സി.എഫ്. | ഇല്ല |

5. ഹരിത കർമ്മസേനയുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മാലിന്യം കൊണ്ടുപോകുന്നതിന് ഇലക്ട്രിക് വാഹനം വാങ്ങിയിട്ടുണ്ട്. ഹരിത കർമ്മസേന അംഗങ്ങൾക്ക് യൂണിഫോം, ഗ്ലൗസ് എന്നിവ വിതരണം ചെയ്തിട്ടുണ്ട്. ഹരിത കർമ്മ സേനയിലെ രണ്ട് അംഗങ്ങൾ ഡ്രൈവിംഗ് പരിശീലനം നേടിയിട്ടുണ്ട്. എന്നാൽ ഹരിത കർമ്മ സേന അംഗങ്ങൾക്കായി പഞ്ചായത്തിൽ ഓഫീസ് സൗകര്യം ലഭ്യമാക്കിയിട്ടില്ല.

ഹരിത കർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ

എം.സി.എഫ്. നിർമ്മാണത്തിനായി ഭൂമി കണ്ടെത്തി നിർമ്മാണം ത്വരിതപ്പെടുത്തി ആവശ്യമായ യന്ത്രസാമഗ്രികൾ സ്ഥാപിച്ച് മാലിന്യങ്ങളുടെ സോർട്ടിംഗ് നടത്തി മിനി എം.സി.എഫ്.-ന് സമീപം കൂട്ടിയിട്ടിരിക്കുന്ന പ്ലാസ്റ്റിക് മാലിന്യ കൂമ്പാരം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ഹരിത കർമ്മസേനയുമായി കരാറിൽ ഏർപ്പെട്ട് സോഷ്യൽ ഓഡിറ്റ് നടത്തേണ്ടതുമാണ്. കൂടാതെ, യൂസർ ഫീ കുടിശ്ശിക വസ്തു നികുതിയോടൊപ്പം ഈടാക്കുന്നതിനും വിജിലൻസ് സ്ക്വാഡ് സംവിധാനം പഞ്ചായത്ത് തലത്തിൽ ആരംഭിച്ച് പഞ്ചായത്ത് പ്രദേശം പൂർണ്ണമായി മാലിന്യമുക്തമാക്കുവാനും പഞ്ചായത്ത് ഭരണ സമിതിയും ആയതിന് ചുമതലയുള്ള ഉദ്യോഗസ്ഥരും ശ്രദ്ധ പുലർത്തേണ്ടതാണ്.





## 1-27 സ്ത്രീ സുരക്ഷ ജ്വാല പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | SOO 56/24, സ്ത്രീസുരക്ഷ ജ്വാല |
| അടങ്കൽ തുക | 1,70,000 |

| | |
|---|---|
| ഫണ്ടിനം | വികസന ഫണ്ട് |
| ചെലവ് തുക | 72,384 |
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ബിൽ നമ്പർ | 200/14.08.23, 130/04.07.23<br>346/16.11.23, 134/06.07.23 |

2023-24 വർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പിലാക്കിയ സ്ത്രീ സുരക്ഷജ്വാല എന്ന പദ്ധതി വിഭാവനം ചെയ്തിരുന്ന തരത്തിലുള്ള പ്രവർത്തനങ്ങളൊന്നും നിർവ്വഹിച്ചിട്ടില്ല. ലിംഗ സമത്വമെന്ന വിശാല കാഴ്ചപ്പാടിൽ ഊന്നി ഉപജീവന സുരക്ഷയും സാമൂഹ്യ സുരക്ഷയും ഉറപ്പാക്കി സ്ത്രീപദവിയും ജീവിത നിലവാരവും ഉയർത്തി സമഗ്രവികസനം സാധ്യമാക്കുക, വനിത കലോത്സവം, വനിത കൂട്ടായ്മ, ജാഗ്രതാസമിതി, കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർക്ക് ഓണറേറിയം എന്നീ പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിരുന്നതെങ്കിലും മേൽ സൂചിപ്പിച്ച ഘടകപ്രവർത്തനങ്ങളൊന്നും നടത്താതെ ഒരു കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്ററെ നിയമിക്കുക മാത്രമാണ് ചെയ്തിട്ടുണ്ട്. വനിത ഫെസിലിറ്റേറ്റർക്ക് ഓണറേറിയം നൽകുന്നതിനാണ് 72,384/- രൂപ വിനിയോഗിച്ചിട്ടുള്ളത്. എന്നാൽ വനിത ഫെസിലിറ്റേറ്ററുടെ പ്രവർത്തന റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

സർക്കാരിന്റെ 23.06.2007 ലെ സ.ഉ.(എം.എസ്)നം.31/2007/സ.ക്ഷേ.വ പ്രകാരമുള്ള മാർഗ്ഗരേഖയിൽ ജാഗ്രതാസമിതി യോഗങ്ങൾ മാസത്തിൽ കുറഞ്ഞത് ഒരു തവണയെങ്കിലും വിളിച്ചുകൂട്ടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമമോ, അവഗണനയോ ഉണ്ടായാൽ അതിനോട് പ്രതികരിക്കുകയും കുറ്റക്കാർക്കെതിരെ കർശന നടപടികളെടുക്കുകയും സ്ത്രീകൾക്കും കുട്ടികൾക്കും സധൈര്യം സ്വതന്ത്രമായി ജീവിക്കാനുള്ള സാഹചര്യം ഉണ്ടാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തിനായാണ് പഞ്ചായത്തുതലത്തിൽ ജാഗ്രതാസമിതികൾ പ്രവർത്തിക്കേണ്ടത്. കൂടാതെ സ്ത്രീകൾക്ക് ആവശ്യമായ നിയമപരിരക്ഷ ഉറപ്പുവരുത്തേണ്ടതും ജാഗ്രതാസമിതിയുടെ ചുമതലയാണ്.

സമിതി വിളിച്ചു കൂട്ടാത്തതും പദ്ധതി വിഭാവനം ചെയ്തിരുന്ന പ്രവർത്തനങ്ങൾ ഒന്നും നിർവ്വഹിക്കാതിരുന്നതും നിർവ്വഹണ ഉദ്യോഗസ്ഥയുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയം ആസ്പദമാക്കി 19.11.24 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 16/23-24 ന് ഫണ്ടിന്റെ അപര്യാപ്തത കാരണമാണ് പദ്ധതിയുടെ എല്ലാ ഘടകങ്ങളും നടപ്പിലാക്കതിരുന്നതെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. വരും വർഷങ്ങളിൽ സ്ത്രീ സുരക്ഷ പദ്ധതിയുമായി ബന്ധപ്പെട്ട ജാഗ്രതാസമിതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥരും പഞ്ചായത്ത് ഭരണസമിതിയംഗങ്ങളും ശ്രദ്ധ പുലർത്തേണ്ടതാണ്.

### 1-28 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല ചെലവ് തുക 4,97,218/- രൂപ തടസ്സപ്പെടുത്തുന്നു.

2023-24 സാമ്പത്തിക വർഷം പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ 4,97,218/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | പദ്ധതിയുടെ പേര് | ചെലവ് തുക/ ഫണ്ടിനം | തുക ഒടുക്കിയ സ്ഥാപനം | ബിൽ നം./ തീയതി |
|---|---|---|---|---|---|
| 1 | 81/23-24 | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ | 2,97,476/-<br>(1,00,000/- - പ്ലാൻ ഫണ്ട്)<br>(1,00,000/- - CFC)<br>(97,476/- തനത്ഫണ്ട്) | കെ.എസ്.ഇ.ബി. മലയിൻകീഴ് | 16/24.05.23-74,973/-<br>704/24.03.24-20,027/-<br>490/25.01.24-1,00,000/-<br>491/25.01.24-5864/-<br>675/21.03.24-50,718/-<br>551/15.02.24-40,894/- |
| 2 | 332/23-24 | സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ (വാർഡ്-3) | 99,742/-<br>(തനത്ഫണ്ട്) | കെ.എസ്.ഇ.ബി. മലയിൻകീഴ് | 607/06.03.24-99,742/- |
| 3 | 333/23-24 | സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ (വാർഡ്-9) | 1,00,000/-<br>(തനത് ഫണ്ട്) | കെ.എസ്.ഇ.ബി. മലയിൻകീഴ് | 545/09.02.02-91,421/-<br>710/24.03.24-8,579/- |

മേൽ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 21/05.11.2024-ന് വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം എത്രയും വേഗം ഹാജരാക്കേണ്ടതാണ്.

## 1-29 Mixed Seal Surface By Mechanical Means എന്ന പ്രവൃത്തി റോഡ് നിർമ്മാണത്തിനായി ഉപയോഗപ്പെടുത്തുന്നില്ല.

ടാറിംഗ് പ്രവൃത്തികൾ പരിശോധിച്ചതിൽ ടാക്ക് കോട്ടിന് ശേഷം ഓപ്പൺ ഗ്രേഡഡ് ആയ 20 Mm ചിപ്പിംഗ് കാർപ്പറ്റ് എന്ന പ്രവൃത്തിയും അതിനു ശേഷം സീൽ കോട്ട് എന്ന പ്രവൃത്തിയും ചെയ്യുന്നതായി ഫയൽ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. എന്നാൽ ക്ലോസ്ഡ് ഗ്രേഡ് ആയ Mixed Seal Surface By Mechanical Means എന്ന പ്രവൃത്തി ടാക്ക് കോട്ടിനുശേഷം ചെയ്താൽ സീൽ കോട്ട് എന്ന പ്രവൃത്തി ഒഴിവാക്കാൻ സാധിക്കുന്നതാണ്. കൂടാതെ ടി പ്രവൃത്തി Mechanical Paver ഉപയോഗിച്ചാണ് പൂർത്തിയാക്കുന്നത്. 20 Mm ചിപ്പിംഗ് കാർപ്പറ്റ് എന്ന പ്രവൃത്തിയും അതിനു ശേഷം സീൽ കോട്ട് എന്ന പ്രവൃത്തിയും ചെയ്യുന്നതിനേക്കാൾ ലാഭകരമാണ് മിക്സ്ഡ് സീൽ സർഫസ് എന്ന പ്രവൃത്തി ചെയ്യുന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| MORD സ്പെസിഫിക്കേഷൻ കോഡ് | പ്രവൃത്തി | MORD സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്ക് (35.59% കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ) |
|---|---|---|
| 5.9.1.2a | 20 Mm ചിപ്പിംഗ് കാർപ്പറ്റ് | 211.79/sqm |
| 5.12.A.3.2a | സീൽ കോട്ട് | 90.08/sqm |
| ആകെ | | 301.87/sqm |
| 5.11.2.B.2a | മിക്സ്ഡ് സീൽ സർഫസ് By Mechanical Means | 220.02/sqm |

മിക്സ് സീൽ സർഫസിംഗ് ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം. 33/19.11.2024 നുള്ള മറുപടിയിൽ അടുത്ത സാമ്പത്തിക വർഷം മുതൽ മിക്സ്ഡ് സീൽ സർഫസ് എന്ന പ്രവൃത്തി നടത്താമെന്ന് അറിയിച്ചിട്ടുണ്ട്. ലാഭകരമായ രീതിയിൽ പ്രവൃത്തികൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 ഡിഫക്റ്റ് ലയബിലിറ്റി പീരിയഡ് - അപാകത

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 04.07.2022 ലെ DB3/5215/2013/CE/LSGD സർക്കുലർ പ്രകാരം ഇന്റർലോക്ക് റോഡുകളുടെ ഡിഫക്ട് ലയബിലിറ്റി പീരിയഡ് 5 വർഷമാണ്. എന്നാൽ ചുവടെ പറയുന്ന ഇന്റർലോക്ക് റോഡുകളുടെ നിർമ്മാണ പ്രവൃത്തികളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് പരിശോധിച്ചതിൽ ഡിഫക്ട് ലയബിലിറ്റി പീരിയഡ് കുറവ് ആണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി നമ്പർ/പദ്ധതി | തുക/സെക്യൂരിറ്റി ഡെപ്പോസിറ്റ് വിശദാംശം, കാലയളവ് |
|---|---|
| 329/23-24, വഞ്ചിക്കോട് ഇടവഴി ഇന്റർലോക്കിംഗ് | 7,000, ട്രഷറി ടേം ഡെപ്പോസിറ്റ് JL1522645<br><br>3 വർഷം |
| 181/23-24, കോട്ടമുക്ക്-വട്ടവിള റോഡ് | 14,500, ട്രഷറി ടേം ഡെപ്പോസിറ്റ് JL1522652<br><br>3 വർഷം |
| 279/23-24, കീണയിൽ തൈവിള റോഡ് ഇന്റർലോക്കിംഗ് | 8,900, ട്രഷറി ടേം ഡെപ്പോസിറ്റ് JL1522651<br><br>3 വർഷം |

5 വർഷത്തെ കാലയളവിലേക്കുള്ള ട്രഷറി ടേം ഡെപ്പോസിറ്റുകൾ സ്വീകരിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം 33/19.11.2024 നുള്ള മറുപടിയിൽ ട്രഷറി ടേം ഡെപ്പോസിറ്റുകൾ പുതുക്കി അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 11,37,802 | 3,63,375 | 23/24 സ്നേഹ സ്പർശം | 3,63,375 | 11,37,802 |
| | | 3,00,000 | 20/24 അങ്കണവാടി പോഷകാഹാരം | 3,00,000 | |
| | | 2,50,789 | 72/24 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 2,50,789 | |
| | | 3,60,000 | 202/24 ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി | 3,60,000 | |
| ആകെ | 11,37,802 | 12,74,164 | | 12,74,164 | 11,37,802 |
| ജില്ലാ പഞ്ചായത്ത് | 1,96,000 | 3,09,375 | 23/24 സ്നേഹ സ്പർശം | 3,09,375 | 1,96,000 |
| | | 50,000 | 72/24 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 50,000 | |
| | | 5,60,000 | 202/24 ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി | 5,60,000 | |
| ആകെ | 1,96,000 | 9,19,375 | | 9,19,375 | 1,96,000 |
| മുനിസിപ്പൽ കോർപ്പറേഷൻ | 13,50,000 | | 218/24- മാലിന്യം നീക്കം ചെയ്യുന്നതിനായി ഇലക്ട്രിക് വാഹനം | 1,50,000 | 12,00,000* |
| | | 1,51,603 | 271/24-റെയിൻ വാട്ടർ ഹാർവസ്റ്റ് | 1,51,603 | |
| ആകെ | 13,50,000 | 1,51,603 | | 3,01,603 | 12,00,000* |

* വാർഷിക ധനകാര്യ പത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.വിശദ വിവരം ഖണ്ഡിക 1-1-13 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 4-2 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | മുൻ ബാക്കി | 2023-24 | | | | ബാക്കി തുക |
|---|---|---|---|---|---|---|
| | | പ്രോജക്ട് നം, പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ആകെ തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | |
| കെ.എസ്.ഇ.ബി | 15,28,327 | 81/24, തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കലും പോസ്റ്റ് മാറ്റി സ്ഥാപിക്കലും | 2,97,476 | 4,97,218 | 0 | 20,25,545 |
| | | 332/24, സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ, വാർഡ്-3 | 99,742 | | | |

| | | | | | | |
|---|---|---|---|---|---|---|
| | | 333/24, സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ, വാർഡ്-9 | 1,00,000 | | | |
| കേരള വാട്ടർ അതോറിറ്റി | 26,95,800 | - | - | - | - | 26,95,800 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ് വിവരങ്ങൾ

| വായ്പ വിവരം | ഉത്തരവ്/നമ്പർ/തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം അടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KURDFC | സ.ഉ.(കൈ)68/2018/ തസ്വഭവ, തീ.18.05.2018 | 1,78,94,258 | 1,43,93,054 | 3,22,87,312 | 23,36,113 | 2,99,51,199 |

വായ്പ തിരിച്ചടവിലെ അപാകം ഖണ്ഡിക 1-1-12 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-5 സ്ഥിരനിക്ഷേപങ്ങളുടെ വിവരം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി വിവരങ്ങൾ

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2007-08 | 3 (5) | 2009-2010 | 3.8.2 | പരാമർശം ഒഴിവാക്കുന്നതിന് സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് |

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 2,18,52,563/- രൂപ |
| ഓഡിറ്റ് വർഷത്തെ വരവ് | 7,43,58,142/- രൂപ |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,16,24,291/- രൂപ |
| നീക്കിയിരിപ്പ് | 3,45,86,414/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 82,85,099/- രൂപ |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും |
|---|---|---|---|
| 1 | 1-18 | 3,60,407 | ശ്രീ. അഭിലാഷ്. എം.എ, വി.ഇ.ഒ-2 |

| | | | |
|---|---|---|---|
| 2 | 1-22 | 61,40,000 | ശ്രീ. അഭിലാഷ്. എം.എ, വി.ഇ.ഒ-2 |
| 3 | 1-23 | 12,87,474 | ശ്രീ. അഭിലാഷ്. എം.എ, വി.ഇ.ഒ-2 |
| 4 | 1-28 | 4,97,218 | ശ്രീ. ആനന്ദ് എം, സെക്രട്ടറി (74,973/-രൂപ)<br>ശ്രീ. ബിജുകുമാർ. എം, സെക്രട്ടറി (4,22,245/-രൂപ) |
| ആകെ | | 82,85,099 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അഭിലാഷ്,<br>വി.ഇ.ഒ – II | വി.ഇ.ഒ – II<br>വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് | തിരുവോണം, തേമ്പാമുട്ടം,<br>ബാലരാമപുരം.പി.ഒ |
| ശ്രീ. ബിജുകുമാർ. എം,<br>സെക്രട്ടറി | സെക്രട്ടറി<br>വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് | രാജമംഗലം,<br>മതിര പി.ഒ, കടയ്ക്കൽ |
| ശ്രീ. ആനന്ദ് എം,<br>സെക്രട്ടറി | സെക്രട്ടറി | ആരാമം, കാട്ടുറോഡ്,<br>പൂജപ്പുര, തിരുവനന്തപുരം-695012. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | **തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം** |
|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/239/2022 തീയതി 11.10.2022 | 1 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/239/2022 തീയതി 11.10.2022 | 1 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/239/2022 തീയതി 11.10.2022 | 1 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/239/2022 തീയതി 11.10.2022 | 1 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/239/2022 തീയതി 11.10.2022 | 1 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/239/2022 തീയതി 11.10.2022 | 3 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/239/2022 തീയതി 11.10.2022 | 7 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/239/2022 തീയതി 11.10.2022 | 2 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/239/2022 തീയതി 11.10.2022 | 1 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/239/2022 തീയതി 11.10.2022 | 1 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/239/2022 തീയതി 11.10.2022 | 6 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./ജി.പി.4/406/2019 തീയതി 10.06.2019 | 13 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/887/2022 തീയതി 09.11.2022 | 18 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം./ജി.പി.4/1217/2021 തീയതി 09.09.2021 | 34 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം./ജി.പി.4/457/2022 തീയതി 23.06.2022 | 37 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/94/2022 തീയതി 27.01.2023 | 36 |
| 2022-23 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/1682/2023 തീയതി 21.03.2024 | 56 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.**

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 4(1) dated 11-06-2024 and submitted on 06-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Vilavoorkal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Vilavoorkal Grama Panchayat as on 31-03-2024

**Date:** **23/12/2024**

**Deputy Director**
**District Office Trivandrum**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Vilavoorkal Grama Panchayat for the Year 2023-2024 .

**1.Major Observations**

NIL

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit.

Annual ratios as per rule 62-2 (f) and Notes on accounts 62-2(E) of Kerala Panchayat Raj Accounts Rules, 2011 &

comparative amounts for previous year as per rule 62(3).

2. Demand entries in respect of tax revenues are not made periodically on accrual basis.

3. The valuation of stocks and stores have not been verified and recorded at the end of the financial year in the B-14 Schedule.

4. No amount is recorded under the capital work in progress head of account in the Balance Sheet.

5. Canara Bank account No. 110056896099 owned by panchayath has not been included in the AFS.

6. The bank statements /Treasury statements of the following accounts have not been produced in the AFS.

| Account name | Account number |
|---|---|
| Nationalised Bank account of own fund revenue (Head code-450210101) | Not Available |
| Sub Treasury, Malayinkil | 799011400004678 |

7. MGNREGS Cash book entries regarding administrative expenses do not match those in the AFS.

8. No provision has been recorded in the Balance Sheet B-9 schedule for various expenses such as honorarium of elected representatives, fuel expenses which are not incurred during the financial year 2023-24.

9. Expenses for creating assets have not been recorded under the asset head.

10. Swach Bharath Abhiyan expense details have not been produced for audit.

11. Registers relating to own fund revenues are not reconciled with the corresponding ledger balance after monthly closing.

12. KUDRFC Loan repayment amount shown in the Sulekha expenditure report do not match with those in the AFS.

13. Expenditure in connection with the Urban Agglomeration fund not recorded in Annual Financial Statement.

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

തിരുവനന്തപുരം ജില്ലയിലെ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്